# പൊക്കാളി കർഷകസംഗമവും നിർദ്ദേശങ്ങളും

പ്രൊഫ. കെ. അനിലകുമാർ

പ്രൊഫ. സി. ജി. രാജേന്ദ്രൻ

പ്രൊഫ. വി. ശ്രീകുമാരൻ

പ്രൊഫ. കെ. എസ്. ഷൈലരാജ്

KAU LIBRARY
809276
IR 633.18 ANI/PO

കേരള കാർഷിക സർവ്വകലാശാല

നെല്ല് ഗവേഷണകേന്ദ്രം

വൈറ്റില 682 019

POKKALI KARSHAKA SANGAMAVUM NIRDHESHANGALUM

April 2008

Copies : 300

*Cover design:*
V. Rajendran

809276

*Published by* :

Dr. M. K. Sheela
Director of Extension
Kerala Agricultural University
Mannuthy-680 651, Thrissur

*Printed at :*

Kerala Agricultural University Press,
Mannuthy - 680 651, Thrissur

IR 633.18
ANI/PO

© Kerala Agricultural University

KAUP 8/300/4/08

# മുഖവുര

കേരളത്തിലെ ഏക ഓരു ജല കൃഷി സമ്പ്രദായം, ഏറ്റവും ലളിതമായ രീതിയിൽ തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ കനിവിൽ പ്രകൃത്യാ തന്നെ മണ്ണിലെ ആർജിത ലവണത്തെ കഴുകി കായൽപ്പരപ്പിലൂടെ താല്ക്കാലികമായി തള്ളിമാറ്റി ഹ്രസ്വ സമയത്തിനുള്ളിൽ കൂനകൾ കൂട്ടി, കൂനകളിൽ വിത്തുവിതച്ച്, വെട്ടി നിരത്തി, കതിരുകൾ നിറഞ്ഞ പാടത്ത്, ശുദ്ധജലത്തിന്റെ ഒഴുക്ക് കുറയുമ്പോൾ ആർത്ത ലച്ചുവരുന്ന ഉപ്പു വെള്ളത്തെ ഒരു വിളിപ്പാട് അകലെ നിർത്തി കതിരുകൾ മാത്രം കൊയ്ത് കയറുന്ന ആയാസമേറിയ, അതുപോലെ തന്നെ തികച്ചും ജൈവീക രീതി യിൽ, വിഷാംശം, വിത്തു മുതൽ വിത്തു വരെ തൊട്ടു തീണ്ടാത്ത ഒരേ ഒരു നെൽ കൃഷിയാണല്ലോ "പൊക്കാളി". കതിരുകൾ കൊയ്തുമാറിയ പാടത്ത് തുടർന്ന് ഒരു ചെമ്മീൻ വാറ്റ്. റാന്തലിന്റെ മങ്ങിയ വെളിച്ചത്തിൽ രാവുകൾ പകലുകളാവുമ്പോൾ അന്തി- പുലരി ചെമ്മീനുകൾ കുട്ടകൾ നിറഞ്ഞു കവിയുമ്പോൾ മനം നിറയുന്ന കർഷ കർക്ക് കൈ നിറയെ പണം. കൊച്ചിയുടെ ജീവതാളമായ പൊക്കാളി.

പ്രകൃതിയുടെ വരദാനമായ ഈ കൃഷി ഇന്ന് രൂക്ഷമായ പ്രതിസന്ധിയിലാണ്. ഉയരുന്ന കൂറ്റൻ കെട്ടിടങ്ങൾക്കും വലിപ്പം വയ്ക്കുന്ന നഗരാവശ്യങ്ങൾക്കുമായി നീളുന്ന റോഡുകൾക്കും റെയിലുകൾക്കുമായി, കീറിമുറിച്ചു നികത്തപ്പെടുന്ന പൊക്കാളിപ്പാട ങ്ങൾ. കുന്നത്തുനാട്ടിലെ കുന്നുകൾ ഇടിച്ചു നിരത്തി പൊക്കാളിപ്പാടങ്ങളെ വികസന ത്തിന്റെ പേരിൽ നികത്തുമ്പോൾ ഒരു ജനതയുടെ സംസ്കാരമാണ് വിസ്മൃതിയിലാ വുന്നത്. അവശേഷിക്കുന്ന പാടങ്ങളിലെങ്കിലും നൂറുമേനി വിളയിക്കാൻ വേണ്ട സാങ്കേ തിക പരിജ്ഞാനം ഇന്നു നമുക്കുണ്ട്. ഇത്തരം കാർഷിക സംവാദത്തിലൂടെ മൂർത്ത മാവുന്ന അർത്ഥപൂർണ്ണമായ നിഗമനങ്ങൾ ഈ കൃഷിയെയും സംസ്കൃതിയെയും നിലനിർത്തുക തന്നെ ചെയ്യും.

അടുത്ത വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കപ്പെടുന്ന വൈറ്റില നെല്ല് ഗവേ ഷണ കേന്ദ്രത്തിൽ നിന്ന് പ്രസ്തുത പുസ്തകം പ്രസിദ്ധീകരിക്കുന്നത് എന്തുകൊ ണ്ടും ഉചിതമായി. സംഗമത്തിന്റെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധയിൽ കൊണ്ടുവന്ന് പൊക്കാളി കൃഷിയുടെ ഇന്നത്തെ അവസ്ഥയിൽ നിന്ന് ശാശ്വത പരി ഹാരം നേടാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

പൊക്കാളി സംഗമത്തെതുടർന്ന് ഇത്തരത്തിൽ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു പുസ്തകം തയ്യാറാക്കുന്നതിൽ പ്രൊഫസ്സർമാരായ കെ. അനിലകുമാർ, സി.ജി. രാജേന്ദ്രൻ, വി. ശ്രീകുമാരൻ, കെ.എസ്. ഷൈലരാജ് എന്നിവർ പ്രകടിപ്പിച്ചി ട്ടുള്ള ശുഷ്കാന്തി അനുമോദനാർഹമാണ്.

കെ. ആർ. വിശ്വംഭരൻ, I A S
വൈസ് ചാൻസിലർ
കേരള കാർഷിക സർവ്വകലാശാല

വെള്ളാനിക്കര,
14.12.2007



പൊക്കാളി കർഷകസംഗമം 2007.
ബഹു: കൃഷി വകുപ്പ് മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ
നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു.

# പൊക്കാളി കൃഷി

അറബിക്കടലിന്റെ തലോടൽ ഏറ്റു കിടക്കുന്ന കുറെ പാടശേഖരങ്ങൾ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളുടെ തീരപ്രദേശത്തുണ്ട്. തലോടലിലൂടെ ലഭിക്കുന്ന ലവണത്തിൽ ശ്വാസം മുട്ടുന്ന ഇവിടുത്തെ നെൽകൃഷി ഒരു അത്ഭുതം തന്നെയാണ്. മണ്ണിൽ മുള നഷ്ടപ്പെടുന്ന വിത്തുകൾ, "അമ്ലകാഠിന്യം" മണ്ണിൽ നിന്നും അലിഞ്ഞു പോകാത്തതിനാൽ കരിഞ്ഞുണങ്ങുന്ന ഞാറുകൾ, കൂനകളിൽ നീന്തികയറുന്ന "ആമകൾ" തിന്നും ചികഞ്ഞും നഷ്ടപ്പെടുന്ന വിത്തുകൾ, നീന്തിയടുക്കുന്ന "മത്സ്യങ്ങൾ" വെട്ടി വിഴുങ്ങുന്ന വിളനാമ്പുകൾ, തുഴഞ്ഞു തളരുന്ന എലികൾ കൂനകളിൽ വിശ്രമിച്ച് കടിച്ച്, മുറിച്ച് മധുരമൂറ്റുന്ന ഇളം ഞാറുകൾ, "ആറ്റക്കിളികൾ" കൂട്ടത്തോടെ പറന്ന് വന്ന് പാലൂറ്റുന്ന നെൽകതിരുകൾ, ഒത്തൊരുമയോടെ പറന്നിറങ്ങിയ "തത്തകൾ" കൊത്തിമുറിച്ചുകൊണ്ട് പോകുന്ന കതിർകുലകൾ, തിരിമുറിയാത്ത തിരുവാതിര ഞാറ്റുവേലയിലും തുടർമഴയിലും ഉയരുന്ന ജലത്തിൽ ശ്വാസം മുട്ടുന്ന നെല്ലോലകൾ, ബലമില്ലാത്ത തണ്ടുകളിൽ കതിരുകൾക്ക് കനം വെയ്ക്കുമ്പോൾ ചാഞ്ഞു വീണ് പാടെ നശിക്കുന്ന നെന്മണികൾ. അതാണ് പൊക്കാളി കൃഷി. ഈ "കൃഷിസമ്പ്രദായത്തെ" മൊത്തമായും അതിൽ വളരുന്ന നെൽച്ചെടിയെ പൊതുവായും പരാമർശിക്കുന്ന ഒരു പദമാണ് "പൊക്കാളി". പൊക്കത്തിൽ ആളിയ (വളരുന്ന) ഇനമായതിനാൽ പൊക്കാളി എന്ന് നെല്ലിനത്തെ വിവക്ഷിക്കുന്നതിലും തെറ്റില്ല. തികച്ചും പ്രകൃതിക്കനുസൃതമായ പൊക്കാളി കൃഷിയുടെ വില്ലനായ ലവണത്തെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിലെ ശുദ്ധജലത്തിൽ കഴുകി, കായലിലൂടെ തള്ളിമാറ്റി ചുരുങ്ങിയ സമയത്തിനുള്ളിൽ ഒരു നെൽകൃഷി യഥാർത്ഥ്യമാക്കുകയാണ്. താല്ക്കാലികമായി നിർമ്മിച്ച ഈ ശുദ്ധജല തടയണയെ മറികടന്ന് ലവണജലം മടങ്ങി എത്തുന്നതിനു മുമ്പായി കർഷകൻ കതിരുമാത്രം മുറിച്ചുമാറ്റി പാടത്തു നിന്നും കര കയറുന്നു. തുടർന്ന് ലാഭമേറിയ ചെമ്മീൻവാറ്റ്. "കെട്ടുകലക്ക"ലിലൂടെ ചെമ്മീൻവാറ്റിന് കൊടിയിറങ്ങുമ്പോൾ മറ്റൊരു നെൽകൃഷിക്കാലം വരവായി.

എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ 9 ബ്ലോക്കിൽ ഉൾപ്പെട്ട 23 പഞ്ചായത്തുകളിലായി കിടക്കുന്ന മൊത്തം 24,000 ഹെക്ടർ സ്ഥലമാണ് പ്രധാനമായും പൊക്കാളി നിലങ്ങൾ എന്ന് അറിയപ്പെടുന്നത്. ഇന്നത്തെ നിലയിൽ 8000 ഹെക്ടർ സ്ഥലത്ത് മാത്രമേ പൊക്കാളി കൃഷി നടത്തുന്നുള്ളൂ. കണ്ണൂർ ജില്ലയിലെ "കയ്പാട്" പ്രദേശങ്ങളിൽ പൊക്കാളിയ്ക്ക് സാമ്യമുള്ള കൃഷി രീതികളാണ് നിലനില്ക്കുന്നത്. കാർഷിക രംഗത്ത് ശാസ്ത്രീയ നേട്ടങ്ങൾ അനവധി ഉണ്ടായിട്ടുണ്ടെങ്കിലും പൊക്കാളി നിലങ്ങളിലെ നെൽകൃഷി ഇന്ന് ഏറെക്കുറെ പാരമ്പര്യാധിഷ്ഠിതമാണ്. ഇടവപ്പാതി മഴക്കാലത്ത് ഒരുപൂ കൃഷിയിറക്കുന്ന പൊക്കാളി നിലങ്ങൾ മറ്റൊരു സമയത്തും നെൽകൃഷിക്ക് അനുയോജ്യമല്ല. മഴക്കാലം കഴിയുന്നതോടെ വെള്ളത്തിൽ ഉപ്പിന്റെ അംശം വർദ്ധിക്കുന്നതിനാൽ ആ സമയത്ത് നിലങ്ങൾ പരമ്പരാഗതമായി ചെമ്മീൻകൃഷി/ചെമ്മീൻകെട്ടിനായി ഉപയോഗിച്ചു വരുന്നു.

ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെ ലവണ നിലങ്ങളിൽ നിന്നും വ്യത്യസ്തമായി പൊക്കാളി നിലങ്ങളുടെ ഉത്ഭവവും വികാസവും പ്രത്യേകമായ കാലാവസ്ഥയുടെ ഫലമായിട്ടാണ് സംഭവിച്ചിരിക്കുന്നത്. സമുദ്രത്തോട് ചേർന്നു കിടക്കുന്ന ചെളിനിലങ്ങളാണ് പൊക്കാളി നിലങ്ങളായി മാറിയത്.വെള്ളക്കെട്ടുള്ളതും നീർവാർച്ച കുറഞ്ഞതുമായ ഇവ കടലിൽ നിന്നുള്ള തുടർച്ചയായ വേലിയേറ്റത്തിന് വിധേയമാണ്. ഒരു മീറ്റർ ഉയരത്തിൽ വരെ പൊങ്ങിവരുന്ന വേലിയേറ്റങ്ങളും അവയുടെ ഇറക്കങ്ങളും പൊക്കാളി നിലങ്ങളുടെ ഊർജ്ജ പ്രവാഹങ്ങളാണെന്ന് പറയാം. മണ്ണ് വളക്കൂറുള്ളതും കറുപ്പു നിറമുള്ളതുമായ കട്ടി പിടിച്ച പൊക്കാളി മണ്ണാണ്. ഒരു മീറ്ററിലധികം താഴ്ചയുള്ള ഈ മണ്ണ് ഉണങ്ങുമ്പോൾ വിണ്ടുകീറിയും നനയുമ്പോൾ പശിമ ഉള്ളതായും കാണപ്പെടുന്നു. മണ്ണിൽ ഭാവഹവും കാത്സ്യവും കുറവും പാക്യജനകം മദ്ധ്യമവും ക്ഷാരം വളരെ കൂടുതലുമാണ്. ജൈവാംശ സമൃദ്ധമായ മണ്ണിൽ ജൈവാംശം 1 - 4 വരെ ആണ്. വേനൽക്കാലങ്ങളിൽ മണ്ണിൽ ഉപ്പിന്റെ അംശം വർദ്ധിക്കുന്നു. മഴക്കാലത്ത് ഇത് കഴുകി മാറ്റപ്പെടുമെങ്കിലും പ്രകൃത്യായുള്ള അമ്ല ഗുണം കൂടുതലായി കാണപ്പെടുന്നു. ഉണങ്ങുമ്പോൾ അലൂമിനിയം ഹൈഡ്രോക്ലോറൈഡിന്റെ വെളുത്ത പരലുകൾ ഉപരിതലത്തിൽ കാണാൻ കഴിയും.

**കൃഷിരീതി**

പൊക്കാളി നിലങ്ങളിൽ ഏപ്രിൽ മാസത്തിൽ പുറം ബണ്ടുകൾ ബലപ്പെടുത്തുകയും ജല നിയന്ത്രണത്തിനായി തൂമ്പുകൾ സ്ഥാപിക്കുകയും ചെയ്യുന്നതോടെ കൃഷിപ്പണികൾ ആരംഭിക്കുകയായി. വേലിയിറക്ക സമയത്ത് നിലം വറ്റിക്കുകയും വേലിയേറ്റ സമയത്ത് തുമ്പുകൾ അടയ്ക്കുകയും ചെയ്യുന്നു. ഏപ്രിൽ മാസത്തിൽ മണ്ണ് വരണ്ടിരിക്കുമ്പോൾ ഒരു മീറ്റർ വ്യാസത്തിലും 1/2 മീറ്റർ ഉയരത്തിലുമുള്ള കണ്ണികൾ / കൂനകൾ ഉണ്ടാക്കി അവ ഉണങ്ങാൻ അനുവദിക്കുന്നു. ചില സ്ഥലങ്ങളിൽ ഇതിനു പകരം വാരങ്ങളും ഉണ്ടാക്കുന്നു. കണ്ണികളും വാരങ്ങളും നിലത്തിന്റെ ഉപരിതല വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നു. മേയ് മാസത്തിലെ സൂര്യതാപം കൊണ്ട് വാരങ്ങളിലെ /കൂനകളിലെ മണ്ണ് ഉണങ്ങി പൊടിയുന്നു.

**വിത്തും വിതയും**

"പൊക്കാളി" എന്നറിയപ്പെടുന്ന വിത്തിനമാണ് ഏറ്റവും പ്രചാരത്തിലുള്ളത്. ഇവ കൂടാതെ ചുട്ടുപൊക്കാളി, ചെട്ടിവിരിപ്പ്, ബാലി, ഓർക്കയമ, എരവപ്പാണ്ടി, ഓർപ്പാണ്ടി, കുറുക എന്നീ വിത്തിനങ്ങളും ഉപയോഗിച്ചു വരുന്നുണ്ട്. മണ്ണിലെ ഹാനികരമായ ലവണങ്ങൾക്കെതിരെയും വെള്ളക്കെട്ടിനെയും പ്രതിരോധിക്കാൻ ശക്തിയുള്ള ഈ വിത്തിനങ്ങൾ 115 -125 ദിവസം വരെ മൂപ്പുണ്ട്. വിത്തു മുളപ്പിക്കൽ മുതൽ വിളവെടുപ്പ് വരെ എല്ലാ പ്രവർത്തനങ്ങളിലും ഓരോ പൊക്കാളിത്തനിമ ഉണ്ട്. പൊക്കാളി കൃഷിക്കുള്ള വിത്ത് മുളപ്പിക്കുന്നതും പ്രത്യേക രീതിയിലാണ്. തെങ്ങോല കൊണ്ട് മെടഞ്ഞെടുത്ത കുട്ടകളിൽ കരിങ്ങോട്ടയില, കൂവയില, വാഴയില, തേക്കില എന്നിവയിൽ ഏതെങ്കിലും നിരത്തി വിത്ത് നിറച്ച് ഭദ്രമായി 24 മണിക്കൂർ ശുദ്ധജലത്തിൽ കെട്ടിയിടുന്നു. അതിനുശേഷം പുറത്തെടുത്ത്, തണലിൽ സൂക്ഷിക്കുന്നു. കഷ്ടിച്ച് മുളച്ച് തുടങ്ങുന്ന ഈ വിത്തുകൾ പിന്നീട് 30 ദിവസം വരെ അതേപടി നിശ്ചലാവസ്ഥ (സുഷുമ്നാവസ്ഥ) യിൽ കേടുകൂടാതെ സൂക്ഷിക്കാം. വിതയ്ക്കുന്നതിനു തൊട്ടു മുൻപ് 6 മണിക്കൂർ വെള്ളത്തിൽ മുക്കുന്ന ഈ സമ്പ്രദായത്തിന് മറുനീർ നൽകുക എന്നാണ് കർഷകർ പറയുന്നത്. വേനൽമഴയും തുടർന്നുള്ള കാലവർഷവും കണ്ണിപ്പുറത്തു നിന്നും ഉപ്പ്രസം അലിയിച്ച് താഴെ എത്തിക്കുന്നു. ഇടവ

പ്പാതി തിമിർക്കുമ്പോഴാണ് വിത തുടങ്ങുന്നത്. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ വേലിയേറ്റത്തെയും വേലിയിറക്കത്തെയും സ്വാധീനിക്കുന്നതിനാൽ വാവുകളും പക്കങ്ങളും നോക്കിയാണ് പൊക്കാളി വിതയും മറ്റു കൃഷിപ്പണികളും ആസൂത്രണം ചെയ്യുന്നത്. അങ്ങനെ പാകമായ കൂനകളുടെ മുകൾ ഭാഗം തട്ടി നിരത്തി ഹെക്ടറിന് 100 കിലോഗ്രാം എന്ന തോതിൽ മുളപ്പിച്ച വിത്ത് വിതയ്ക്കുന്നു. വിത്ത് ഒഴുകി പോകാതിരിക്കാൻ ചെളികൊണ്ട് ചെറുതായി മെഴുകുന്നു. വിതയ്ക്കു ശേഷം ജലവിതാനം ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്. മൂന്നു നാലു ദിവസത്തിനകം വെള്ളം ഇറക്കി കണ്ണിപ്പുറം തെളിയണം. അതിനു ശേഷം ഞാറുകൾ വളരുന്നതനുസരിച്ച് ജലവിതാനം ഉയർത്തിക്കൊണ്ടിരിക്കും.

ഇടവപ്പാതിയിൽ തുടങ്ങി തുലാവർഷത്തിൽ അവസാനിക്കുന്ന ഒരു പൂ കൃഷിയാണ് പൊക്കാളി. കഴുകി നീക്കിയ ഉപ്പ് തിരിച്ചെത്തുന്നതിനു മുമ്പേ വിത്ത് വിതച്ച്, വെട്ടിമാറ്റി, കതിരുകൾ മുറിച്ച് പാടത്തു നിന്നും കയറണം. അതിനാൽ വിത്തിന്റെ മൂപ്പ് വളരെ നിർണ്ണായകമാണ്. ഒരിക്കലും 125 ദിവസങ്ങൾക്കധികം മൂപ്പുണ്ടാവാൻ പാടില്ല. മൂപ്പ് ഇതിൽ കൂടിയാൽ മടങ്ങി വരുന്ന ഓരു ജലത്തിൽ കതിർമണികൾ പതിരായി പോകാനാണിട.

വേലിയേറ്റവും വേലിയിറക്കവും എന്നുമുള്ളതാണല്ലോ. ഇതിൽ ജീവിക്കുന്ന നെല്ലിനങ്ങൾക്ക് ഉയരവും മറ്റൊരു നിർണ്ണായക ഘടകമാണ്. ഉയരുന്ന ജലത്തോടൊപ്പം ഉയരം വെയ്ക്കാൻ കഴിവുള്ളവയായിരിക്കണം നെല്ലിനങ്ങൾ. സാധാരണ നെല്ലിനങ്ങളേക്കാൾ മുട്ടുകൾ തമ്മിൽ അകലം കൂടിയിരിക്കും പൊക്കാളി ഇനങ്ങൾക്ക്. പൊതുവെ ഒന്നേകാൽ മീറ്ററിലധികം ഉയരമാണ് പൊക്കാളി ഇനങ്ങൾക്ക്. മണ്ണിന്റെ അമ്ലതയും മറ്റു ദൂഷ്യഫലങ്ങളെയും പ്രതിരോധിക്കാനുള്ള കഴിവിനോടൊപ്പം ഉയരുന്ന വെള്ളക്കെട്ടിനെ അവഗണിച്ച് വളരാൻ ഇവയ്ക്ക് സാധിക്കും.

മുളപ്പിച്ച വിത്ത് 30 ദിവസം വരെ കേടുകൂടാതെ ഇരിക്കാനുള്ള കാരണം, മുള പൊട്ടുന്ന വിത്തിന്റെ വേരുപടലങ്ങൾ, പൊതിഞ്ഞിരിക്കുന്ന ഇലകൾക്കിടയിലായി ഒരു ആവരണം പോലെ വിത്തിനെ സംരക്ഷിക്കുന്നു. വിത്തിന് വീണ്ടും വളരാൻ ആവശ്യമുള്ള ഓക്സിജനെ പുറത്ത് നിന്ന് അകത്ത് കടത്താനോ, അകത്ത് ശ്വസനപ്രക്രിയ വഴി നിറഞ്ഞിരിക്കുന്ന കാർബൺഡയോക്സൈഡിനെ പുറത്തേയ്ക്കു വിടാനോ വേരുപടലങ്ങളുടെ ആവരണം അനുവദിക്കുകയില്ല. അതോടെ വിത്തുകൾ ഉറക്കത്തിലാണ്ടു പോവും. പിന്നെ ഉണരുന്നത് മറുനീർ നൽകുമ്പോൾ മാത്രം. പൊതിയാൻ കരിങ്ങോട്ട ഇലകൾ ഉപയോഗിച്ചാൽ അതിന്റെ ഗന്ധമുൾക്കൊണ്ട് വിത്തുകൾ കിളിർക്കുമ്പോൾ മത്സ്യങ്ങളുടെ ആക്രമണത്തെയും പ്രതിരോധിക്കും.

**വെട്ടിനിരത്തൽ**

പൊക്കാളി വിത്തിനങ്ങൾ 30 - 40 ദിവസങ്ങൾക്കുള്ളിൽ 40 -45 സെ.മീറ്റർ ഉയരം വെയ്ക്കുന്നു. ഈ സമയത്ത് അനുകൂല സാഹചര്യം ലഭിക്കുമ്പോൾ ജലവിതാനം കഴിയുന്നത്ര കുറച്ച് ഈ കൂനകളിൽ തുമ്പ കൊണ്ട് 8 - 10 ഞാറുകളോടുകൂടിയ ചെറു തുണ്ടുകളാക്കി വേർതിരിച്ച് നിലം മുഴുവൻ നിരത്തുന്നു. കണ്ണികൂട്ടാനും വെട്ടിനിരത്താനും ഉപയോഗിക്കുന്ന ഈ തൂമ്പകൾക്ക് ചില പ്രത്യേകതകളുമുണ്ട്. ഏകദേശം ത്രികോണാകൃതിയിലുള്ള പാത്തി അതിന്റെ കയ്യുമായി 45° കോണിച്ചാണ് ഉറപ്പിച്ചിരിക്കുന്നത്. ഉപരിതലത്തിലെ മണ്ണുമാത്രം ചീകി എടുക്കുന്നതിനുള്ള സൗകര്യത്തിനാണത്. പൊക്കാളിമണ്ണ് ആഴത്തിൽ ഇളക്കി മറിക്കാൻ പാടില്ല. അടിമണ്ണിളകിയാൽ കൂടുതൽ ഉപ്പ് ഉപരിതലത്തിൽ

എത്തും. അതിനെ അതിജീവിച്ച് വളരാൻ നെൽച്ചെടികൾക്ക് ആവില്ല. നെല്ലിന്റെ വേരു പോകുന്നിടത്തോളം മാത്രം കണ്ണിയിലെ ഉപ്പു നീക്കാൻ മാത്രമാണ് പൊക്കാളിയുടെ കൃഷി മുറകളിൽ ശ്രദ്ധിക്കുന്നത്. തൂമ്പയുടെ ആകൃതിയും അതിനെ കയ്യുമായി ഉറപ്പിച്ചിരിക്കുന്ന രീതിയും ഇതിനു യോജിച്ച വിധത്തിലാണ്.

നിരത്തിയ ഞാറുകളിൽ പറ്റിച്ചേർന്നിരിക്കുന്ന മൺകട്ടകൾ അവയെ നിലത്തുറയ്ക്കാൻ സഹായിക്കുന്നു. ചരിഞ്ഞുകിടക്കുന്ന ഞാറുകൾ ക്രമേണ ഉയിർത്തെഴുന്നേറ്റ് നേരെ വളരുന്നു. ഞാറ് ഉറച്ചശേഷം വെള്ളം കയറ്റുന്നതാണ്. വെള്ളം ഉയരുന്നതിനോടൊപ്പം നെൽച്ചെടികളും ഉയരം വെയ്ക്കുന്നു. പന്തലിച്ച നെൽച്ചെടികൾ വീഴാതിരിക്കാൻ ഒരു പരിധിവരെ വെള്ളക്കെട്ടും ജലവിതാനവും സഹായിക്കുന്നു.

**പരിപാലനം**

നെൽകൃഷിക്ക് സാധാരണ അനുവർത്തിക്കാറുള്ള കൃഷിമുറകൾ പലതും പൊക്കാളി കൃഷിക്ക് ആവശ്യമില്ല. കളപറിക്കൽ, വളമിടൽ, കീടരോഗനാശിനി പ്രയോഗം എന്നിവ പൊക്കാളിപ്പാടങ്ങൾക്ക് അന്യമാണ്. മറ്റു നെൽകൃഷി മേഖലയിലെ മണ്ണിനേക്കാൾ മൂന്നിരട്ടിയോളം ജൈവാംശ കാർബൺ അടങ്ങിയിരിക്കുന്ന പൊക്കാളി മണ്ണിന്റെ ഫലഭൂയിഷ്ടി വളരെ കൂടുതലാണ്. മണ്ണിന്റെ വളക്കൂറ് മുഴുവൻ വലിച്ചെടുത്തുകൊണ്ടുള്ള നെല്ലിന്റെ വളർച്ച അത്ഭുതാവഹമാണ്. അനേകം ചിനപ്പുകളോടെ ആർത്തു വളരുന്ന നെൽച്ചെടികൾ വെള്ളത്തോടൊപ്പം ഉയരവും വെയ്ക്കുന്നു. സൂര്യരശ്മികൾക്ക് ജലത്തിൽ പതിക്കാൻ അവസരം നൽകാതെ തിങ്ങിവളരുന്ന നെല്ലോലകൾ നിറഞ്ഞ പൊക്കാളിപ്പാടങ്ങളിൽ രാസവളങ്ങൾക്ക് സ്ഥാനമില്ല. വേലിയേറ്റ - യിറക്കങ്ങൾ കൊണ്ട് ഫലഭുയിഷ്ടി നിറഞ്ഞ പാടങ്ങൾക്ക് വിളവ് കുറയുകയേ ഉള്ളൂ. അതുപോലെ തന്നെ കള- കീടനാശിനികളുടെ കാര്യവും. ഓരുവെള്ളം കയറുന്നതുകൊണ്ട് കളനിയന്ത്രണം ഇവിടെ സ്വാഭാവികമായി നടക്കുന്നു. നെൽകൃഷി ചെയ്യുന്ന കാലത്തിൽ ചില ജലസസ്യങ്ങളും അർദ്ധജല സസ്യങ്ങളും നെൽപ്പാടത്ത് കാണാറുണ്ട്. മറ്റുകാലങ്ങളിൽ ഇവ ഉണങ്ങി മണ്ണടിയുന്നു. ചെല്ലി, വെണ്ണപ്പായൽ, കവട, കുതിരവാലി, വയൽചുള്ളി, അടയ്ക്കാമണിയൻ മുതലായവയാണ് പ്രധാന കളകൾ. ഉപ്പു വെള്ളത്തെ അതിജീവിക്കാൻ കുതിരവാലിയ്ക്കും വയൽ ചുള്ളിക്കും കഴിവുണ്ട്. ഇവയ്ക്കു പുറമേ ജലത്തിൽ പൊങ്ങികിടന്ന് ഒഴുകിയെത്തുന്ന ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവ പൊക്കാളിപ്പാടത്തെ കൃഷിക്ക് ശല്യമായി തീരാറുണ്ട്.

പൊക്കാളി ആവാസ വ്യവസ്ഥയിലെ നിരവധി ജീവജാലങ്ങൾ നെൽകൃഷിക്ക് ചിലപ്പോൾ ശല്യമാകാറുണ്ടെങ്കിലും അവയെ കൂട്ടത്തോടെ നശിപ്പിക്കുന്ന കീടനാശിനി പ്രയോഗമില്ല. എലിയും ആമയും വിത്തുവിതയ്ക്കുമ്പോൾ തൊട്ടു തന്നെ വിളനാശം വരുത്തിവെക്കാറുണ്ടെങ്കിലും നാടൻ കെണികളും കോരുവലകളും കൈകൊണ്ടു പിടിക്കലും മുതലായ പരമ്പരാഗത രീതിയിലൂടെയാണ് അവയെ നിയന്ത്രിക്കാറ്. പ്രാവും കുരുവിയും തത്തയും കതിർമണികൾ കൊത്തിയും കതിർ തന്നെ മുറിച്ച് ശല്യം ചെയ്യുമ്പോഴും കീടങ്ങളെയും പുഴുക്കളെയും കൊത്തിതിന്ന് അവയും പ്രത്യുപകാരം ചെയ്യുന്നുണ്ടെന്ന തിരിച്ചറിവിൽ കർഷകർ പ്രകൃതിയോടു പൊരുത്തപ്പെടുന്നു. നെല്ലും മീനും ഒരുമിച്ച് വളരുന്ന പൊക്കാളിപ്പാടങ്ങളിൽ കീടങ്ങളെ ഒരു പരിധിക്കപ്പുറം പെറ്റുപെരുകാൻ മത്സ്യക്കൂട്ടങ്ങൾ ഒരിക്കലും അനുവദിക്കാറില്ല. മിത്രകീടങ്ങളായ എട്ടുകാലികൾ, മുഞ്ഞ, തണ്ടുതുരപ്പന്റെ ശലഭം, പച്ചതുള്ളൻ, നെല്ലോലകൾ തിന്നുന്ന പലതരം പുഴുക്കൾ എന്നി

വയെ തിന്നു നശിപ്പിക്കുന്നു. ലേഡീബേർഡ് ബീറ്റിൽ, (മുഞ്ഞ, പച്ചതുള്ളൻ എന്നിവയെ തിന്നുനശിപ്പിക്കുന്നു), ഗ്രൗണ്ട്ബീറ്റിൽ (ഓലചുരുട്ടിപ്പുഴുവിന്റെ മുഖ്യശത്രു), ചീവിടുകൾ (തണ്ടുതുരപ്പൻ, പട്ടാളപ്പുഴു, ഓലചുരുട്ടിപ്പുഴു മുതലായ കീടങ്ങളുടെ മുട്ടകളും മുഞ്ഞയുടെയും പച്ചത്തുള്ളന്റെയും ചെറുപ്രാണികളുമാണ് ഇവയുടെ ആഹാരം), പുൽച്ചാടികൾ (തണ്ടുതുരപ്പൻ തുടങ്ങിയവയുടെ മുട്ടകളെയും പച്ചത്തുള്ളൻ, മുഞ്ഞ മുതലായവയുടെ ചെറുപ്രാണികളെയും തിന്നു നശിപ്പിക്കുന്നു), മൈക്രോമീലിയ - വെള്ളത്തിൽ കാണുന്ന ചാഴികൾ (ഇവ വെള്ളത്തിൽ വീഴുന്ന മുഞ്ഞ, പച്ചത്തുള്ളൻ എന്നീ കീടങ്ങളെ നശിപ്പിക്കുന്നു), വാട്ടർ ട്രെഡർ (തണ്ടുതുരപ്പൻ പുഴുക്കൾ, പുൽച്ചാടികൾ എന്നിവയെ ജലനിരപ്പിൽ നിന്നും പിടിച്ച് തിന്നു നശിപ്പിക്കുന്നു), വാട്ടർ സ്ട്രൈഡർ - വെള്ളത്തിൽ ആശാൻ (വെള്ളത്തിൽ വീഴുന്ന ഹോപ്പറുകൾ, ശലഭങ്ങൾ, പുഴുക്കൾ എന്നിവയെ പിടിച്ചു തിന്നുന്നു), മിറിഡ് ബഗ്ഗുകൾ (മുഞ്ഞ, പച്ചത്തുള്ളൻ എന്നീ കീടങ്ങളെയും അവയുടെ മുട്ടയെയും തിന്നു നശിപ്പിക്കുന്നു), തുമ്പികൾ (ചെടികളിലിരിക്കുന്ന മുഞ്ഞയെയും പച്ചത്തുള്ളനെയും തിന്നു നശിപ്പിക്കുന്നു. ഇവയുടെ നിംഫുകൾക്ക് പച്ചത്തുള്ളന്റെയും മുഞ്ഞയുടെയും ചെറുപ്രാണികളെയും വളരെ ഇഷ്ടമാണ്) എന്നിവയുടെ ബാഹുല്യം പൊക്കാളിയുടെ പ്രത്യേകതയാണ്. കീടനാശിനികൾ കൊണ്ട് ഉണ്ടാകുന്ന മലിനീകരണം ചെമ്മീൻ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുവെന്ന ഭീതി കർഷകരിൽ നില നിൽക്കുന്നതിനാൽ വിളയുന്ന നെല്ല് അത്ര തന്നെ കുറവാണെങ്കിലും വിഷമമില്ലെന്നതാണ് കർഷകരുടെ കാലാകാലങ്ങളിലെ അഭിപ്രായം. സത്യത്തിൽ ഞാറു നിരത്തിയ ശേഷം ജലനിയന്ത്രണമല്ലാതെ മറ്റ് യാതൊരു പണികളും പൊക്കാളിപ്പാടങ്ങളിൽ ചെയ്യാറില്ല.

### വിളവെടുപ്പ്

വേലിയേറ്റ-വേലിയിറക്ക തലോടൽ ഏറ്റ് കഴിയുന്ന നെൽച്ചെടികൾ സെപ്റ്റംബർ മാസത്തോടെ പുഷ്പിണിയായി ഒക്ടോബറിൽ വിളവെടുക്കാറാകും. വെള്ളത്തിന്റെ ഈ കയറിയിറക്കം തടഞ്ഞാൽ മണ്ണിലെ ദൂഷ്യ മൂലകങ്ങളായ ഇരുമ്പ്, അലുമിനിയം മുതലായവയുടെ തോത് കൂടുകയും നെൽച്ചെടികൾ നശിച്ചു പോവുകയും ചെയ്യുന്നു. പൊതുവെ ഉയരം കൂടിയ നെൽച്ചെടികളുടെ കതിർമണികൾ പാലുറച്ച് കനം വെയ്ക്കുമ്പോഴേക്ക് ചാഞ്ഞ് വീഴാനുള്ള പ്രവണത കാട്ടിതുടങ്ങും. കൂനിൻമേൽ കുരുവെന്ന പോലെ പെയ്തിറങ്ങുന്ന തുലാവർഷം കതിരുകളെ വീണ്ടും വെള്ളത്തിൽ ആഴ്ത്തുമ്പോൾ 30-40% വിള നഷ്ടമാണ് ഉണ്ടാകുന്നത്. ചാഞ്ഞു കിടക്കുന്ന കതിരുകൾ മാത്രം കൊയ്തെടുത്താൽ പാടത്ത് അവശേഷിക്കുന്ന ടൺ കണക്കിനു വയ്ക്കോൽ പാടത്ത് ഉപേക്ഷിക്കേണ്ടി വന്ന്, കിടന്നു ചീയുമ്പോൾ മറ്റൊരു സ്വർണ്ണകൊയ്ത്തായ ചെമ്മീൻവാറ്റിനാണ് പൊക്കാളിപ്പാടങ്ങൾ കളമൊരുങ്ങുന്നത്.

### ചെമ്മീൻ വാറ്റ്

തുലാവർഷത്തിന്റെ ഇടി മുഴക്കങ്ങൾ അകന്നു തുടങ്ങി. കിഴക്കൻ മലവെള്ളപ്പാച്ചിൽ ഓർമ്മകളിൽ ഒതുങ്ങി. ഓരുജലം കായലിലെ ഓളപ്പരപ്പിലൂടെ അതിവേഗം ഒഴുകി പൊക്കാളിപ്പാടങ്ങളെ തഴുകി ഉപ്പുരസമാക്കിയപ്പോൾ, പൊക്കാളി നെല്ലുകൊണ്ടു അറ നിറച്ച കർഷകർ പാടത്തേയ്ക്കു മടങ്ങിയെത്തി, ആഹ്ലാദപൂർവ്വം പാടങ്ങളുടെ പുറംബണ്ടുകൾ വീണ്ടും നന്നാക്കി, കള്ളനുകൾ അടച്ച്, തൂമ്പുകൾ ബലപ്പെടുത്തി, വിളക്കു കെണികൾ സ്ഥാപിച്ച് അവർ കാത്തിരുന്നു.നല്ലൊരു കോളിനായി, അതാണ് ചെമ്മീൻ വാറ്റ്.

പൊക്കാളി നെൽകൃഷി കൊടി ഇറങ്ങി അവശിഷ്ട വൈക്കോൽ ജീർണ്ണിക്കുമ്പോൾ ബണ്ടുകൾ ബലപ്പെടുത്തിയ പാടങ്ങളിൽ അനുസ്യൂത ജലപ്രവാഹത്തിന് സാഹചര്യം ഒരുക്കുന്നു. ആഴം കുറഞ്ഞ ചാലുകൾ ആഴം കൂട്ടിയും, പാടങ്ങളുടെ ചുറ്റും പാർശ്വ ചാലുകൾ നിർമ്മിച്ചും വേലിയേറ്റ-വേലിയിറക്ക പ്രതിഭാസങ്ങളെ അതിന്റെ തനതു ശക്തി യിൽ തന്നെ പാടങ്ങളിലേയ്ക്ക് ആകർഷിക്കുന്നു. നിർബ്ബാധം കയറിയിറങ്ങുന്ന ഓരുജലം, മാലിന്യങ്ങളേയും ജലസസ്യങ്ങളേയും പാടങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുന്നു. പുതുവർഷപ്പുലരിക്ക് ദിവസങ്ങൾ ബാക്കി നിൽക്കെ തന്നെ ചെമ്മീൻ വാറ്റിന് പാടങ്ങൾ ഒരുങ്ങിക്കഴിഞ്ഞു, ചെമ്മീൻ കുഞ്ഞുങ്ങളെ പ്രതീക്ഷിച്ചുകൊണ്ട്.

നടുക്കടലിലാണ് ചെമ്മീൻ മുട്ടയിടുന്നത്. മുട്ടവിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾ / ലാർവ കൾ കടലിൽ വേണ്ടത്ര ആഹാരം ഇല്ലാത്തതിനാൽ, ആഹാരത്തിനായി വേലിയേറ്റത്തെ തുടർന്ന് കായലിലൂടെ ചെമ്മീൻ പാടങ്ങളിൽ എത്തുന്നു. വേലിയിറക്കത്തിൽ നിശ്ശേഷം ജലം വാർത്തുകളഞ്ഞിരിക്കുന്ന പാടത്തേയ്ക്ക് വേലിയേറ്റത്തിന്റെ ഉച്ചസ്ഥായിയിൽ തൂമ്പു കൾ തുറക്കുന്നു. ശക്തിയേറിയ വെള്ളപ്പാച്ചിലിൽ ചെമ്മീൻ കുഞ്ഞുങ്ങൾ പാടത്തേയ്ക്ക് പ്രവേശിക്കുന്നു. വേലിയിറക്ക സമയത്ത് മുളകൊണ്ടുള്ള ഒരു സ്ക്രീനിലൂടെ (അടച്ചിൽ) വെള്ളം പുറത്തേയ്ക്ക് വിടുകയും അകത്ത് കയറിയ ചെമ്മീൻ കുഞ്ഞുങ്ങളെ ഉള്ളിൽ തന്നെ തടഞ്ഞുനിർത്തുകയും ചെയ്യുന്നു. ഇങ്ങനെ പാടങ്ങൾക്കുള്ളിലെ ജലനിരപ്പ് കുറച്ചു നിർത്തുന്നതിനാൽ അടുത്ത വേലിയേറ്റ സമയത്ത് വീണ്ടും ശക്തിയായ വെള്ളപ്പാച്ചി ലിന് സാഹചര്യം ഒരുക്കുന്നു. ഒരു റാന്തൽ വിളക്ക് രാത്രി കാലങ്ങളിൽ തൂമ്പിനടുത്ത് കത്തിച്ചുവെയ്ക്കുന്നു. ചെമ്മീൻ കുഞ്ഞുങ്ങളെ പാടത്തേയ്ക്ക് ആകർഷിക്കാൻ ഈ വിളക്ക് കെണി സഹായിക്കുന്നു. പണ്ട് റാന്തലിനു പകരം കൂടാരം വിളക്കും ഇപ്പോൾ പെട്രോമാക്സ് ലൈറ്റും ഉപയോഗിച്ചു വരുന്നു. തൂമ്പുകൾ തുറക്കുന്നതിന് രണ്ടു മണി ക്കൂർ മുമ്പേ വിളക്കുകൾ തെളിയിച്ച് ചെമ്മീൻ കുഞ്ഞുങ്ങളെ തൂമ്പിനടുത്തേയ്ക്ക് ആകർഷിച്ചു നിർത്തുന്നു. ചെമന്ന കടലാസു കൊണ്ട് വെളിച്ചത്തിന് നിറം നൽകുമ്പോൾ ഏറെ ചെമ്മീൻ കുഞ്ഞുങ്ങൾ ആകർഷിക്കപ്പെടുന്നതായി കർഷകർ അവകാശപ്പെടുന്നു. സാധാരണയായി രാത്രി കാലങ്ങളിലെ വേലിയേറ്റ സമയത്ത് മാത്രമേ തൂമ്പുകൾ തുറന്ന് ചെമ്മീൻ കുഞ്ഞുങ്ങളെ പാടങ്ങളിൽ കയറ്റാൻ അനുവദിക്കുകയുള്ളൂ. പകൽ വേലിയേറ്റ സമയത്ത് ചെമ്മീൻ കുഞ്ഞുങ്ങളെ ആകർഷിക്കാൻ സാധിക്കുന്നില്ല എന്നതിലുപരി കായൽ കനാലിന്റെയും, പാടങ്ങളിലെയും ജലത്തിന്റെ ഊഷ്മാവിന്റെ വ്യതിയാനങ്ങൾ അകപ്പെട്ട ചെമ്മീൻ കുഞ്ഞുങ്ങളുടെ മരണത്തിനു തന്നെ ഇടവരുത്തിയേക്കാം.

ഒരാഴ്ചയോളം വേലിയേറ്റ സമയത്ത് കയറിയ ചെമ്മീൻ കുഞ്ഞുങ്ങൾ വീണ്ടും ഏറ്റ സമയത്ത് കയറി വരുന്ന തണുത്ത ജലത്തിന്റെ ശക്തി കുറഞ്ഞ അരികു പറ്റി ഇറങ്ങി പോകാൻ അവസരം കാക്കുമ്പോൾ, തൂമ്പുകളിൽ ഏറ്റ വല സ്ഥാപിക്കാൻ സമയമായി. രക്ഷപ്പെടാനുള്ള ചെമ്മീൻ കുഞ്ഞുങ്ങളുടെ പദ്ധതി തകർക്കുന്നതിനോടൊപ്പം പാടത്തു കയറി അവയെ പിടിച്ചുതിന്നാനുള്ള മറ്റു മത്സ്യങ്ങളുടെ ആഗ്രഹങ്ങളും വിഫലമാക്കുക യാണ് ഈ ഏറ്റ വലകൾ. തൂമ്പുകളുടെ വലിപ്പത്തിന് അനുസരിച്ചുള്ള ഫ്രെയിമുകളിൽ ഉറ പ്പിച്ചിരിക്കുന്ന ഏറ്റ വലയ്ക്ക് കോൺ ആകൃതിയാണ്. ഫ്രെയിമിനോട് ചേർന്ന് വളരെ നേർത്ത കണ്ണികൾ. എന്നാൽ കോൺ ഭാഗത്തെ വലിപ്പമേറിയ കണ്ണികളിലൂടെ ചെമ്മീൻ കുഞ്ഞു ങ്ങൾക്കൊപ്പം നിരുപദ്രവകാരികളായ കരിമീൻ, തിലാപ്പിയ, കണമ്പ്, തിരുത, പള്ളത്തി എന്നിവയുടെ കുഞ്ഞുങ്ങളും നിർബ്ബാധം പാടത്തേയ്ക്ക് കടന്നുവരുന്നു. വളരെ ശക്തി യേറിയ വെള്ളപ്പാച്ചിലിൽ ആ ഭാഗത്തു കൂടി പാടങ്ങളിൽ കയറിയ ചെമ്മീൻ കുഞ്ഞു ങ്ങൾക്ക് തിരിച്ചിറങ്ങി രക്ഷപ്പെടാനും കഴിയില്ല.

ഏറുമാടങ്ങൾ കെട്ടി കർഷകർ കാവലിരിക്കുമ്പോൾ, സമൃദ്ധിയേറിയ ഭക്ഷണമുള്ള പൊക്കാളിപ്പാടത്തേയ്ക്ക് കയറികൂടിയ ചെമ്മീൻ കുഞ്ഞുങ്ങൾ ഏകദേശം ഒന്നരമാസത്തിനുള്ളിൽ വളർന്നു വലുതാകും. പൗർണ്ണമി രാത്രിയിൽ ജലോപരിതലത്തിൽ തുള്ളിച്ചാടുന്ന ചെമ്മീൻ കൂട്ടങ്ങൾ കെട്ടിലെ ചെമ്മീനുകളുടെ ശേഖരത്തെ സൂചിപ്പിക്കുന്നു. അതാണ് കർഷകരുടെ മനസ്സിനെ കുളിർപ്പിക്കുന്നതും കണക്കുകൂട്ടാൻ പ്രേരിപ്പിക്കുന്നതും. അപ്പോഴും ഉള്ളിൽ ഒരു പ്രാർത്ഥന ഉണ്ട്. വേനൽ മഴ പെയ്യരുതേ, ജലത്തിന്റെ ലവണാംശത്തോത് കുറയാൻ ഇടവരുത്തരുതേ എന്ന്. കൃത്രിമ ആഹാരം ഒന്നും നൽകാതെ വളർന്നു വരുന്ന ചെമ്മീൻ വിളവെടുപ്പ് ജനുവരി മാസം അവസാനത്തോടെ ആരംഭിക്കുന്നു.

അമാവാസി, പൗർണ്ണമി ദിനങ്ങളിലും അതിനു രണ്ടുദിവസം മുമ്പും പിമ്പുമായിട്ടാണ് വിളവെടുപ്പ് നടത്താറുള്ളത്. ഏറ്റ വലയെപ്പോലെ കോണാകൃതിയിലുള്ള തൂമ്പുവല/ ഇറക്കുവലയാണ് വാറ്റിന് ഉപയോഗിക്കുന്നത്. ഫ്രെയിമുകളിൽ ഘടിപ്പിച്ച വലയുടെ ഫ്രെയിമിനോട് ചേർന്ന കണ്ണികൾ അകലം കൂടിയതും തുടർന്ന് കോണോട് അടുക്കുമ്പോൾ വളരെ നേർത്തതുമായിത്തീരുന്നു. വേലിയിറക്ക സമയത്താണ് ചെമ്മീൻ വിളവെടുപ്പ് നടത്തുന്നത്. വേലിയിറക്ക സമയത്ത് പാടത്തുനിന്നും ഒഴുകിയിറങ്ങുന്ന ജലപ്രവാഹത്തോടൊപ്പം ഓടിയെത്തുന്ന ചെമ്മീനുകൾ ഇറക്കവലയുടെ ഉള്ളിൽ അകപ്പെടുന്നു.

രണ്ടു വേലിയിറക്കമുള്ള രാത്രികളിൽ വിളവെടുപ്പ് രണ്ടു തവണയാണ്. അന്തിചെമ്മീനും, പുലരി ചെമ്മീനും. ഐസിൽ സൂക്ഷിക്കുന്ന അന്തിചെമ്മീൻ പിറ്റേ ദിവസം പച്ചയായിതന്നെ വിപണിയിൽ എത്തുന്നു. പുലരി ചെമ്മീനെ പെട്ടെന്ന് ഉണക്കി എടുക്കാൻ സാധിക്കുമെന്നതിനാൽ സ്വർണ്ണനിറമുള്ള ഉണക്കച്ചെമ്മീൻ ലഭിക്കുന്നു. ചെമ്മീൻ വാറ്റുകളിൽ നിന്നും ലഭിക്കുന്നവയിൽ 65 ശതമാനം തെള്ളി, 22 ശതമാനം നാരൻ, 10 ശതമാനം ചൂടൻ, 3 ശതമാനം കാര എന്ന അനുപാതത്തിലായിരിക്കും. കരിമീൻ, തിരുത, തിലാപ്പിയ, കണമ്പ് എന്നീ മത്സ്യങ്ങളും ഇതോടൊപ്പം ലഭിക്കാറുണ്ട്.

വിഷുവരെ തുടരുന്ന ചെമ്മീൻ വാറ്റിന് അവസാനം പാടങ്ങളിലെ വെള്ളം പകൽസമയത്ത് പരമാവധി നിയന്ത്രിച്ച്, നീറ്റുകക്ക വിതറി വീണ്ടും വെള്ളം കയറ്റി വേലിയിറക്കം സമയത്ത് അവശേഷിക്കുന്ന മത്സ്യങ്ങളെ കൂടി വാറ്റി എടുത്ത ശേഷം പാടങ്ങൾ കെട്ടുകലക്കിനായി തുറന്നു കൊടുക്കുന്നു, ആർക്കും കയറി മീൻ പിടിക്കാവുന്ന അവസ്ഥയിൽ. പിടിച്ച മത്സ്യത്തിന്റെ പകുതി മത്സ്യം പിടിച്ച ആൾക്കും, മറ്റേ പകുതി നില ഉടമയ്ക്കും എന്നതാണ് പഴയ നിയമം.

വലിയ മുടക്കുമുതലില്ലാതെ കിട്ടുന്നതെന്തും ലാഭമായ ചെമ്മീൻ വാറ്റിനാണ് എന്നും പൊക്കാളി കർഷകർ മുൻഗണന നൽകിയിരുന്നത്. എന്നാൽ നെൽകൃഷിയിൽ ഉപേക്ഷിക്കപ്പെടുന്ന വൈക്കോൽ ചീഞ്ഞ് ലഭിക്കുന്ന ആഹാരമാണ് ലാഭകരമായ ചെമ്മീൻ വാറ്റിന് തന്നെ നിദാനം. സത്യത്തിനു നേരെ മുഖം തിരിച്ച് സ്വൽപം ലാഭേച്ഛ മാത്രം നോക്കി ഡോളർ മൂല്യമുള്ള കാര ചെമ്മീൻ കുഞ്ഞുങ്ങളെ മാത്രം പാടങ്ങളിൽ നിക്ഷേപിച്ച്, വിവിധ ഹോർമോണുകൾ അടങ്ങിയ കൃത്രിമ ആഹാരങ്ങൾ നൽകി വിളവെടുത്തപ്പോൾ ലഭിച്ച അധിക നേട്ടം നെൽകൃഷിയെ മറന്ന് 365 ദിവസവും ചെമ്മീനുകൾ പൊക്കാളി പാടങ്ങളിൽ കുടിയേറിയപ്പോൾ, ഓരുജല സാന്നിദ്ധ്യം അനിവാര്യമായി. ഇതു പൊക്കാളി ആവാസവ്യവസ്ഥയെ തകിടം മറിച്ചു. പരിസരങ്ങളിലെ ശുദ്ധജലസ്രോതസ്സുകൾ ലവണമയമായി - ലവണമയമായ മണ്ണ് കാർഷിക വിളകളെ ഉപേക്ഷിച്ചു.

ലാഭകരമായ ചെമ്മീൻ വാറ്റിന് വേണ്ട ചെമ്മീൻ കുഞ്ഞൂങ്ങളുടെ അഭാവവും വാറ്റിൽ നിന്നും ശ്രദ്ധ തിരിക്കാൻ കർഷകരെ പ്രേരിപ്പിച്ചു. നഗര വ്യാവസായിക മലിനീകരണം കായലിലെ ചെമ്മീൻ കുഞ്ഞുങ്ങളുടെ ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്ന ഘടകമാണ്. ചെമ്മീൻ വാറ്റ് സമയത്ത് ലവണാംശ തോതിലുള്ള കുറവ് വാറ്റിനെ ബാധിക്കുന്ന മറ്റൊരു ഘടകമാണ്. പെരിയാർ, ഭൂതത്താൻ കെട്ട് എന്നീ ജലസേചന പദ്ധതികളിലെ വാലറ്റമാണ് കിഴക്കൻ പൊക്കാളി പാടങ്ങൾ. വേനലിൽ പോലും ശുദ്ധജലം ഒഴുകി ഇറങ്ങുന്ന ഇവിടുത്തെ ജലത്തിൽ ചെമ്മീൻ വാറ്റിന് വേണ്ടത്ര ലവണങ്ങൾ അലിഞ്ഞ് ചേർന്നിട്ടില്ല. സുഗമമായ വേലിയേറ്റ-വേലിയിറക്ക പ്രക്രിയകളും ഇന്ന് പൊക്കാളിപ്പാടങ്ങൾക്ക് അന്യമായി. ചെമ്മീൻ വാറ്റിന്റെ അടിസ്ഥാനം തന്നെ ഈ വേലിയേറ്റ-വേലിയിറക്ക പ്രതിഭാസങ്ങളാണ്. തോട്, ഇടതോട് എന്നിവയുടെ ആഴം കുറഞ്ഞതും നെൽകൃഷി ഉപേക്ഷിച്ചു കൊണ്ടുള്ള തരിശിടലും പാടങ്ങളുടെ നികത്തലും അനേകം കാരണങ്ങളിൽ ചിലതായി ചൂണ്ടിക്കാണിക്കാം.

സുസ്ഥിരമായ ഒരു കൃഷിസമ്പ്രദായമാണ് പൊക്കാളി നെൽകൃഷിയും തുടർന്നുള്ള ചെമ്മീൻ വാറ്റും. പ്രകൃത്യാലുള്ള നെല്ലും ചെമ്മീനും അതിലൂടെ ലഭ്യമാകുകയും ചെയ്യുന്നു. ആഗോളതലത്തിൽ രാസവള - കള - കീടരോഗനാശിനികളെ കൃഷിയിടങ്ങളിൽ നിന്നും അകറ്റി നിർത്തിയ ജൈവ ഉൽപന്നങ്ങൾക്ക് വേണ്ടി പരക്കം പായുമ്പോൾ, നഗരവൽക്കരണത്തിന്റെയും മാലിന്യത്തിന്റെയും ലാഭത്തിന്റെയും കണക്കുകൾ നിരത്തി പ്രകൃത്യാലുള്ള ഈ ജൈവ ഉൽപന്നങ്ങളെ നഷ്ടപ്പെടുത്തിയിട്ട് പൊൻമുട്ട ഇടുന്ന താറാവിന്റെ കഥ ഓർത്ത് കേഴേണ്ടതുണ്ടോ ?



കാലവർഷത്തിനു മുമ്പുള്ള
പൊക്കാളിപ്പാടങ്ങളിലെ കണ്ണികൾ/കൂനകൾ



കൂനകളിൽ മുള പൊട്ടുന്ന നെല്ല്



കൂനകൾ മുഴുവൻ നിറയുന്ന നെല്ല്



വെട്ടിനിരത്തുന്ന പൊക്കാളിപ്പാടം



ആർത്തു വളരുന്ന പൊക്കാളിപ്പാടം



എലിക്കുംഭവും (തദ്ദേശീയമായ എലിക്കെണി)
അതിലകപ്പെട്ട എലിയും



നെല്ലോലകൾ തന്നെ കൂടാക്കിയ
ആറ്റക്കിളിയുടെ മുട്ടകൾ



ചെമ്മീൻ വാറ്റിനായി തൂമ്പുകൾ
സ്ഥാപിച്ച് കാത്തിരിക്കുന്ന കർഷകൻ



ചെമ്മീൻ സമൃദ്ധി അറിയാൻ ഒരു വലയേറ്



വളർന്ന ചെമ്മീൻ വലയ്ക്കുള്ളിൽ



കുട്ട നിറയെ ചെമ്മീൻ - കൈ നിറയെ പണം



കെട്ടിലെ സമൃദ്ധി കാരച്ചെമ്മീൻ



ചെമ്മീൻ കെട്ടിലെ മറ്റൊരു അതിഥി - രുചിയേറിയ തിലാപ്പിയ

# പൊക്കാളി നെല്ല് ഗവേഷണകേന്ദ്രം

മദ്ധ്യ കേരളത്തിന്റെ പടിഞ്ഞാറു ഭാഗത്ത് ഓരുവെള്ളം ദിനം പ്രതി തോയുകയും തോരുകയും ചെയ്യുന്ന ഒരു ഭൂപ്രദേശത്തിന്റെ സമഗ്ര കാർഷിക ഉന്നമനത്തിനു വേണ്ടി ഏകീകൃത കേരളത്തിന്റെ ആദ്യകാല സംഭാവനയാണ് 1958 ഡിസംബർ മാസം 12 -ാം തീയതി സ്ഥാപിതമായ വൈറ്റിലയിലെ പൊക്കാളി നെല്ല് ഗവേഷണ കേന്ദ്രം. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽപ്പെട്ട കുന്നറ എന്ന പ്രദേശത്തെ ഒരു പാട്ട ഭൂമിയിൽ ആണ് ഗവേഷണ കേന്ദ്രം ആരംഭിച്ചത്. പൊക്കാളി പ്രദേശങ്ങളുടെ മദ്ധ്യഭാഗം എന്ന പരിഗണനയിലാണ് കുന്നറയിൽ ഈ ഗവേഷണ കേന്ദ്രം സ്ഥാപിതമായത്. ഗവേഷണ കേന്ദ്രത്തിന്റെ ആദ്യ സാരഥിയാണ് ശ്രീ. ജോർജ് പീറ്റർ അവർകൾ.

ദീർഘകാലാടിസ്ഥാനത്തിലുള്ള സ്ഥിര ഗവേഷണ പരീക്ഷണങ്ങൾക്ക് പാട്ടഭൂമി അനുയോജ്യമല്ലെന്ന് കണ്ടതിനാൽ 1963 ൽ കുന്നറയിൽ നിന്ന് സ്വന്തം സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തിയ വൈറ്റിലയിലേക്ക് മാറ്റി സ്ഥാപിച്ചു. $9^1/_2$ ഏക്കർ നിലവും 1 ഏക്കർ $37^1/_2$ സെന്റ് പറമ്പും പൊന്നും വിലയ്ക്കെടുത്ത് ആരംഭിച്ച കേന്ദ്രം അതിന്റെ വിസ്തൃതി 1973 ൽ പത്ത് ഏക്കർ 15 സെന്റ് സ്ഥലം കൂടി ഏറ്റെടുത്ത് വികസിപ്പിക്കുകയുണ്ടായി. കൃഷി വകുപ്പിന്റെ അധീനതയിൽ ഗവേഷണത്തിനു തുടക്കമിട്ട ഈ കേന്ദ്രം 1970 ൽ ആദ്യത്തെ അത്യുൽപ്പാദന ശേഷിയുള്ള VTL-1 എന്ന നെല്ലിനം ചൂട്ടു പൊക്കാളിയുടെ നിർദ്ധാരണം വഴി പുറത്തിറക്കുകയുണ്ടായി. വെള്ളക്കെട്ടിനെ പ്രതിരോധിക്കുന്നതോടൊപ്പം അമ്ലപ്രതിരോധശക്തിയും ലവണ സഹനശേഷിയുമുള്ള ഈ നെല്ലിനത്തിന് 115 ദിവസം മൂപ്പും പാരമ്പര്യ നെല്ലിനങ്ങളേക്കാൾ 0.5 മുതൽ 1.0 ടൺ ഹെക്ടറിന് വിളവ് തരാൻ കെല്പ്പുള്ളവയുമാണ്. മിക്ക കീടങ്ങൾക്കും രോഗങ്ങൾക്കും എതിരെ പ്രതിരോധശക്തി പുലർത്തുന്ന ഈ നെല്ലിനം ചിലപ്പോഴെങ്കിലും ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ പുഴു, ചാഴി എന്നിവയുടെ ആക്രമണത്തിന് വിധേയമാകാറുണ്ട്.

1972 ൽ സ്ഥാപിതമായ കേരള കാർഷിക സർവ്വകലാശാല ഈ ഗവേഷണ കേന്ദ്രത്തെ 1974 ൽ കേരള കൃഷി വകുപ്പിൽ നിന്നും ഏറ്റെടുക്കുകയുണ്ടായി. 1982 ൽ ദേശീയ കാർഷിക ഗവേഷണ പദ്ധതി കേരളത്തിൽ നിലവിൽ വന്നതോടെ, ജന്മം കൊണ്ട് എറണാകുളം ജില്ലയിൽ ആയതിനാൽ പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിന്റെ ഉപകേന്ദ്രമാക്കാതെ മണ്ണിന്റെ കർമ്മത്തെ മുൻനിർത്തി കുമരകം കേന്ദ്രമായുള്ള പ്രശ്നപ്രദേശങ്ങളിലെ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ഒരു ഉപകേന്ദ്രമായി ഈ കേന്ദ്രത്തെ ഉയർത്തപ്പെട്ടു. പൊക്കാളി കൃഷിയുടെ അവിഭാജ്യഘടകമായ മത്സ്യ ഉല്പാദന വർദ്ധനവിനു വേണ്ടി 1976 ൽ മത്സ്യഗവേഷണത്തിനു വേണ്ടിയുള്ള ഒരു യൂണിറ്റും ഈ സ്ഥാപനത്തിൽ തുടങ്ങുകയുണ്ടായി. കേരളത്തിലെ ഏക ഓര് - മൺ, ജല ഗവേഷണങ്ങൾ നടത്തപ്പെടുന്ന ഈ സ്ഥാപനം കൊച്ചി കോർപ്പറേഷനകത്ത് $21^1/_2$ ഏക്കർ സ്ഥലത്താണ് പ്രവർത്തിച്ചു വരുന്നത്. കണിയാമ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനത്തിന്റെ തെക്കു ഭാഗത്തുകൂടി എറണാകുളം - കോട്ടയം റെയിൽവെ ലൈനും കടന്നു പോവുന്നുണ്ട്. ഗവേഷണ കേന്ദ്രത്തിലെ നെൽപ്പാടങ്ങളെ ലവണ പൂരിതമാക്കുന്നതും ലവണ വിമുക്തമാക്കാൻ സഹായിക്കുന്നതും കണിയാമ്പുഴയുടെ കൈവഴിയിലൂടെയാണ്.

### അർപ്പിത ലക്ഷ്യങ്ങൾ

പൊക്കാളി കൃഷി ഉദ്ധരിക്കുകയും പൊക്കാളി നിലത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ഗവേഷണ ലക്ഷ്യം.

1. പൊക്കാളിപ്പാടത്തേയ്ക്ക് യോജിച്ച ഉയരം കൂടിയതും മൂപ്പു കുറഞ്ഞതും ലവണ പ്രതിരോധ ശക്തിയും അത്യുല്പാദന ശേഷിയുമുള്ള വിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുകയും അവയുടെ വിളപരിപാലന രീതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
2. നെല്ലിനോടൊപ്പം വളർത്താൻ പറ്റുന്ന ത്വരിത വളർച്ചയുള്ള മത്സ്യങ്ങൾ കണ്ടെത്തി അവയ്ക്കു വേണ്ട കൃഷിരീതി ആവിഷ്ക്കരിക്കുകയും ചെയ്യുക.
3. പൊക്കാളിപ്പാടങ്ങളിലും കുളങ്ങളിലും വളർത്താൻ യോജിച്ച ചെമ്മീൻ ഉൾപ്പെടെയുള്ള മത്സ്യകൃഷി സമ്പ്രദായങ്ങൾ ശാസ്ത്രീയമായി രൂപപ്പെടുത്തുക.

അർപ്പിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി ഈ കേന്ദ്രം ഏഴ് ഉല്പാദനശേഷി കൂടിയ നെല്ലിനങ്ങളെ പുറത്തിറക്കിയിട്ടുണ്ട്. അതിൽ ആദ്യത്തേത് കാർഷിക സർവ്വകലാശാല ഏറ്റെടുക്കുന്നതിനു മുമ്പും ശേഷിക്കുന്ന 6 എണ്ണം അതിനു ശേഷവുമാണ്. 1980 ൽ പുറത്തിറക്കിയ VTL -2 എന്ന പൊക്കാളി നെല്ലിനം ചെറുവിരിപ്പ് എന്ന പരമ്പരാഗത പൊക്കാളി ഇനത്തെ നിർദ്ധാരണം വഴി ഉരുത്തിരിച്ചെടുത്തതാണ്. 125 ദിവസത്തോളം മൂപ്പു വരുന്ന ഈ നെല്ലിനത്തിന് ഹെക്ടറിന് ശരാശരി 1 $^3/_4$ ടൺ വിളവും ലഭിക്കുന്നു. ഗവേഷണ കേന്ദ്രത്തിന്റെ ആദ്യ സങ്കരനെല്ലിനമായ VTL -3 1985 ൽ പുറത്തിറക്കുകയുണ്ടായി. VTL -1 നെ TN-1 എന്ന ഇനവുമായി സങ്കരണം നടത്തിയതിനുശേഷം നിർദ്ധാരണത്തിലൂടെ ഉരുത്തിരിച്ചെടുത്ത ഈ നെല്ലിനത്തിന് പൊക്കാളി മണ്ണിന്റെ ദൂഷ്യങ്ങളെ പ്രതിരോധിക്കാനുള്ള കഴിവിനോടൊപ്പം ഒട്ടുമിക്ക രോഗകീടങ്ങൾക്കെതിരെ പ്രതിരോധ ശേഷിയും ഉണ്ട്. ഹെക്ടറിന് ശരാശരി 3$^1/_4$ ടൺ വിളവു ലഭിക്കുന്ന ഈ നെല്ലിനത്തിന് 110 - 115 ദിവസം മൂപ്പും ഉണ്ട്. 1993 ൽ മറ്റൊരു സങ്കരനെല്ലിനമായ VTL -4 പൊക്കാളി കർഷകർക്ക് സമ്മാനിക്കുകയുണ്ടായി. ചെട്ടി വിരിപ്പും വൈദേശിക ഇനമായ IR അംഗവും തമ്മിൽ സങ്കരണം നടത്തി ലഭിച്ച ഈ നെല്ലിനമാണ് ഇന്നും പൊക്കാളി കർഷകർക്ക് പ്രിയംകരവും കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്തുവരുന്നതും. ഒന്നേമുക്കാൽ മീറ്ററിലധികം ഉയരവും ഹെക്ടറിന് 3$^1/_2$ ടണ്ണിലധികം വിളവും ലഭിക്കുന്ന ഈ ഇനം അമ്ല-ലവണ-വെള്ളക്കെട്ട് എന്നിവയെ പ്രതിരോധിക്കാൻ കഴിവുള്ളവയാണ്. രോഗകീടങ്ങളെ മെച്ചപ്പെട്ട രീതിയിൽ പ്രതിരോധിക്കുന്ന ഈ നെല്ലിനത്തിന്റെ അരിയും അരിവിഭവങ്ങളും രുചിയേറിയതാണ്. ഗവേഷണ കേന്ദ്രം പുറത്തിറക്കിയ ഉയരം കൂടിയ ഏക വെളുത്ത അരിയുള്ള ഇനമാണ് VTL -5. മഷൂരി എന്ന ഇനത്തെ അണുവികിരണം വഴിയാണ് പൊക്കാളി മണ്ണിന് അനുയോജ്യമാക്കിത്തീർന്നത്.

ഗവേഷണ കേന്ദ്രത്തിലെ ദീർഘകാല ഗവേഷണ പ്രവർത്തനത്തിലൂടെ ആദ്യമായി ഉയരം കുറഞ്ഞതും അത്യുൽപ്പാദന ശേഷിയുള്ളതുമായ VTL -6 എന്ന നെല്ലിനം 2004 ൽ വികസിപ്പിച്ചെടുത്തതാണ്. പരമ്പരാഗത പൊക്കാളി ജനുസ്സായ ചെറുവിരിപ്പിന്റെ ലവണാമ്ല പ്രതിരോധ ശേഷിയും വെള്ളക്കെട്ടിനെ ചെറുത്തു നിൽക്കാനുള്ള കഴിവും IR-5 ന്റെ കൂടിയ ഉല്പാദന ശേഷിയും തമ്മിൽ സങ്കരണം നടത്തികിട്ടിയ ജനുസ്സിനെ വീണ്ടും അത്യുൽപ്പാദനശേഷിയും എല്ലാ പ്രതികൂല കാലാവസ്ഥയിലും പിടിച്ചു നില്ക്കാൻ കെല്പുള്ളതുമായ "ജയ" എന്ന ഇനവും തമ്മിൽ സങ്കരണം നടത്തിയ ശേഷം നിർദ്ധാരണം വഴി ഉരുത്തിരിച്ചെടുത്തതാണ് VTL -6. ചുമന്ന അരിയോട് കൂടിയ ഈ ഇനത്തിന് പരമാവധി ഉയരം 120 സെന്റീമീറ്ററാണ്. ശരാശരി 4 ടൺ/ഹെക്ടറിന് വിളവ് ലഭിക്കുന്ന ഈ നെല്ലിനത്തിന്റെ അരിവീഴ്ചയും മെച്ചപ്പെട്ട (76 %) താണ്.

ഈ ഗവേഷണ കേന്ദ്രത്തിന്റെ ഏറ്റവും പുതിയ ഇനമാണ് 2006 ൽ വികസിപ്പിച്ചെടുത്ത ഉയരം കുറഞ്ഞതും അത്യുൽപ്പാദനശേഷിയുള്ളതും വെളുത്ത നിറമുള്ള അരിയോടു കൂടിയതുമായ VTL-7 എന്ന നെല്ലിനം. ദേശീയതലത്തിൽ. ഐ. ആർ. എട്ട് എന്നയിനവും പറ്റ്നായി 23 എന്നയിനവും തമ്മിൽ സങ്കരണം നടത്തിയതിനുശേഷം നിർദ്ധാരണം വഴി ഉരുത്തിരിച്ചെടുത്ത ഈ ഇനം പത്തുവർഷത്തിലധികം ഈ കേന്ദ്രത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്തതിൽ നിന്നും പൊക്കാളിപ്പാടങ്ങൾക്ക് അനുയോജ്യമാണെന്ന് കണ്ടു. ഹെക്ടറിന് 4 ടൺ അരി തരാൻ കെല്പുള്ള ഈ ഇനം കയറ്റുമതിക്കും യോജിച്ചതാണ്.

അന്താരാഷ്ട്ര നെല്ല് ഗവേഷണകേന്ദ്രം (IRRI) മാനില, ഫിലിപ്പൈൻസ്; കേന്ദ്ര നെല്ല് ഗവേഷണകേന്ദ്രം (CRRI) കട്ടക്ക്, ഒറീസ്സ; കേന്ദ്ര ലവണ മണ്ണ് ഗവേഷണകേന്ദ്രം (CSSRI) കർണാൽ, ഹരിയാന; നെല്ല് ഗവേഷണ ഡയറക്ടറേറ്റ് (DRR) ഹൈദരാബാദ്, ആന്ധ്രാപ്രദേശ്; എന്നീ അന്തർദേശീയ - ദേശീയ സ്ഥാപനങ്ങളുമായി യോജിച്ച് / സഹകരിച്ച് സസ്യപ്രജനനത്തിൽ ഗവേഷണം നടത്തുന്ന ഈ സ്ഥാപനത്തിൽ 71 വിവിധ ഇനം ഓരുജല പ്രതിരോധ ശക്തിയുള്ള നെല്ലിനങ്ങൾ പരിപാലിച്ചു വരുന്നു. ഇതിൽ 17 എണ്ണം കേരളത്തിന്റെ സ്വന്തം ഇനങ്ങളും 26 എണ്ണം പുറത്തുള്ളവയും വിദേശിയും ആണ്. പ്രജനനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 22 എണ്ണവും കൂടാതെ ഈ സ്ഥാപനം കർഷകർക്കു സമർപ്പിച്ച ഏഴ് നെല്ലിനങ്ങളും ഉണ്ട്.

ആധുനിക വിത്തിനങ്ങളിലൂടെ പൊക്കാളിയ്ക്ക് ഉയർന്ന വിളവ് പ്രദാനം ചെയ്യുന്നതോടൊപ്പം, സ്ഥായിയായ വിളവർദ്ധനവിന് ഉതകുന്ന പരിപാലനമുറകളും ഈ കേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പൊക്കാളിപ്പാടങ്ങളിൽ രാസവളങ്ങൾക്ക് പ്രവേശനാനുമതി നിഷേധിച്ച് ഒരു സമ്പൂർണ്ണ ജൈവമേഖലയായി പ്രഖ്യാപിക്കാൻ സാഹചര്യം ഒരുക്കിയത് കാൽ നൂറ്റാണ്ടായി നടത്തിവരുന്ന സ്ഥിര വളപരീക്ഷണ ഫലങ്ങളാണ്. ഉയർന്ന കായിക വളർച്ചയും തുടർന്നുള്ള വിളവർദ്ധനയും ഏതു മണ്ണിലും നൽകാൻ കഴിവുള്ള രാസവളങ്ങൾ, അവയുടെ ക്ഷമത കൂട്ടാനുതകുന്ന കുമ്മായം, ലേയത്വം കുറഞ്ഞ നൈട്രജൻ രാസവളങ്ങൾ എന്നിവ പൊക്കാളിപ്പാടങ്ങളിൽ നിസ്സഹായകരാവുന്നതാണ് കാണാൻ കഴിഞ്ഞത്. രാസവളങ്ങൾ നൽകാത്ത പാടങ്ങളിൽ നിന്ന് $1^1/_2$ ശതമാനം മുതൽ $7^1/_2$ ശതമാനം വരെ ഉല്പാദനക്കുറവാണ് വിവിധതരത്തിൽ രാസവളങ്ങൾ നൽകിയ പാടങ്ങളിൽ നിന്ന് ലഭിച്ചത്.

നെല്ലിനോടൊപ്പം ആൺതിലാപ്പിയ മത്സ്യങ്ങൾ വിജയകരമായി വളർത്താമെന്നതും പൊക്കാളിപാടങ്ങളിൽ നെല്ലിനോടൊപ്പം ആറ്റുകൊഞ്ച് വളർത്തൽ പ്രായോഗികവും ലാഭകരവുമാണെന്നും, ബംഗാളിൽ നിന്നുള്ള കാരചെമ്മീൻ കുഞ്ഞുങ്ങളെ ശാസ്ത്രീയമായി പൊക്കാളിപ്പാടങ്ങളിൽ കൃഷിചെയ്യാമെന്നുമുള്ള കണ്ടെത്തലുകൾ കേരളത്തിലെ മത്സ്യമേഖലയ്ക്ക് നൽകിയ മികച്ച സംഭാവനകളിൽ ചിലത് മാത്രമാണ്.

പൊക്കാളികൃഷിയുടെ സമഗ്രവികസനത്തിനുതകുന്ന പുത്തൻ ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതോടൊപ്പം ഇപ്പോൾ ഈ കേന്ദ്രം ജൈവകൃഷിരീതികൾ, ബയോടെക്നോളജി ആധാരമാക്കിയുള്ള സസ്യപ്രജനന രീതികൾ, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവയുടെ ഗവേഷണം, വിതരണം എന്നീ മേഖലകളിലും ചില പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

# പൊക്കാളി കർഷകസംഗമം

പൊക്കാളി കർഷകരുടെ കൂട്ടായ്മയ്ക്ക് ഒരു വേദി ഒരുക്കാൻ വേണ്ടി വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിന പൊക്കാളി കർഷക സംഗമം 2007 ഒക്ടോബർ മാസം 29 -ാം തീയതി തിങ്കളാഴ്ച ഗവേഷണ കേന്ദ്ര അങ്കണത്തിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. പ്രസ്തുത കർഷകസംഗമത്തിൽ കർഷകപ്രതിനിധികൾ, ജനപ്രതിനിധികൾ, കർഷകതൊഴിലാളികൾ, ഗവേഷകർ, കൃഷി വികസന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**ഉദ്ഘാടനസമ്മേളനം**

സ്വാഗത പ്രസംഗത്തിനിടയിൽ പ്രൊഫ ഡി. അലക്സാണ്ടർ, ഗവേഷണ വിഭാഗം മേധാവി കേരള കാർഷിക സർവ്വകലാശാല, വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ ചരിത്രവും ഗവേഷണ നേട്ടങ്ങളും വിശദമായി പ്രതിപാദിക്കുകയുണ്ടായി. സുവർണ്ണ ജൂബിലിയിലേയ്ക്ക് ഒരു പടി മാത്രം അകലെ നില്ക്കുന്ന ഈ ഗവേഷണ സ്ഥാപനം അഭിമാന പൂർവ്വം കർഷകർക്ക് നൽകിയ സമഗ്ര സംഭാവനകളെക്കുറിച്ചാണ് തുടർന്ന് സംസാരിച്ചത്. സ്ഥാപനത്തിന് അർഹിക്കുന്ന പ്രാധാന്യം അർപ്പിച്ച ശേഷം സംഗമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ച് പ്രതിപാദിച്ച സ്വാഗത പ്രാസംഗികൻ പൊക്കാളിയെ ഒരു "ഭൂപ്രദേശ സുചകം" ആക്കുന്നതിനെപ്പറ്റിയും ഇക്കഴിഞ്ഞ ഒക്ടോബർ 27 -ാം തീയതി ചെന്നൈയിൽ നടത്തിയ പണിപ്പുരയിലെ സംഭവവികാസങ്ങളും പ്രസ്താവിക്കുകയുണ്ടായി. ഒരു "ബ്രാൻഡ് പേര്" ലഭിച്ചാലുണ്ടാകുന്ന ഗുണഗണങ്ങളേക്കാൾ കർഷകർക്കു ലഭിക്കുന്ന സാമ്പത്തിക ലാഭത്തിന്റെ കണക്കുകളിലും അദ്ദേഹം ഊന്നൽ നൽകുകയുണ്ടായി. പക്ഷേ അനുദിനം വിസ്തീർണ്ണം കുറഞ്ഞു വരുന്ന പൊക്കാളിപ്പാടങ്ങളിൽ അദ്ദേഹം ആശങ്ക രേഖപ്പെടുത്തി. കാൽലക്ഷത്തിലധികം ഹെക്ടർ വിസ്തീർണ്ണമുണ്ടായിരുന്ന പൊക്കാളിപ്പാടങ്ങളിൽ 1/3 മാത്രമേ ഇന്ന് കൃഷി ചെയ്യുന്നുള്ളു എന്ന നഗ്നസത്യവും സദസ്യർക്കു മുമ്പിൽ സമർപ്പിക്കുകയുണ്ടായി. നിലവിലുള്ള 8000 ഹെക്ടർ സ്ഥലത്തെ കൃഷിയെങ്കിലും തുടർന്നും സംരക്ഷിക്കണമെന്നും തരിശിട്ടിരിക്കുന്ന പാടശേഖരങ്ങൾ വീണ്ടും ഉപയുക്തമാക്കണമെന്ന അപേക്ഷയോടെ സ്വാഗത പ്രാസംഗികന്റെ കർത്തവ്യത്തിലേയ്ക്ക് അദ്ദേഹം കടന്നു.

ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ എം. എൽ. എ. ശ്രീ. കെ. ബാബു തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രധാനമായും ഊന്നൽ നൽകിയത് പൊക്കാളി കൃഷിയെയും തൊഴിലാളി ലഭ്യതയെയും സംബന്ധിച്ചാണ്. പൊക്കാളികൃഷി അതിന്റെ ശാസ്ത്രീയവശങ്ങൾ എന്തു തന്നെ ആയാലും, പാരമ്പര്യത്തിന്റെയും സംസ്ക്കാരത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായ പൊക്കാളിയെ എല്ലാ അർത്ഥത്തിലും നിലനിർത്താൻ കർഷകരും തൊഴിലാളികളും സംഘടനകളും സർക്കാരും തുടങ്ങി എല്ലാവരും ബാദ്ധ്യസ്ഥരാണ്. തീരദേശ മേഖലകളിലെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും ജൈവ സമതുലനാവസ്ഥ പരിപാലി



1958 ൽ സ്ഥാപിതമായ പൊക്കാളി നെല്ല് ഗവേഷണകേന്ദ്രം



തനതു പൊക്കാളിയെ ഉയരം കുറച്ചിറക്കിയ
കുള്ളൻ പൊക്കാളി -
പ്രകാശനം കാത്തിരിക്കുന്ന പുതിയ അതിഥി



ഗവേഷണകേന്ദ്രം കർഷകർക്കു നൽകിയ
നെല്ലിനങ്ങൾ VTL-1 മുതൽ VTL-6 വരെ



കാൽനൂറ്റാണ്ടു പിന്നിടുന്ന സ്ഥിരവള പരീക്ഷണം - ജൈവകൃഷിയ്ക്കൊരു സാക്ഷിപത്രം



അദ്ധ്യക്ഷപ്രസംഗം
ശ്രീ. കെ. ബാബു. എം. എൽ. എ



ഉദ്ഘാടന സമ്മേളനത്തിന് തിരി കൊളുത്തുന്ന
ബഹു. കൃഷി മന്ത്രി.




ബഹു. കൃഷി മന്ത്രി. ശ്രീ. മുല്ലക്കര
രത്നാകരന്റെ ഉദ്ഘാടനപ്രസംഗം



ബഹു. കേരള കാർഷിക സർവ്വകലാശാല
വൈസ് ചാൻസലർ
ശ്രീ. കെ. ആർ. വിശ്വംഭരൻ IAS
വിഷയം അവതരിപ്പിക്കുന്നു.



പൊക്കാളി കർഷക സംഗമം - ഉദ്ഘാടന സമ്മേളനം
ആശംസാപ്രസംഗം
പ്രൊഫ. ഡി. അലക്സാണ്ടർ
ഗവേഷണ വിഭാഗം മേധാവി.



ഉദ്ഘാടനത്തിന്റെ നിറവിൽ

ക്കുന്നതിലും പാരമ്പര്യ പൊക്കാളി കൃഷിയും തുടർന്നുള്ള ചെമ്മീൻ വാറ്റും അനിവാര്യമാണ്. എന്നാലും വർഷം തോറും ക്ഷീണിച്ചുവരുന്ന പൊക്കാളി കൃഷിയുടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി ഫലപ്രദമായ ചികിത്സ കാലേകൂട്ടി നൽകാൻ ഭരണയന്ത്രം തയ്യാറാകേണ്ടിയിരിക്കുന്നു. കർഷകരെ ഈ മേഖലയിൽ തുടർന്നും പിടിച്ചുനിർത്തുകയാണ് ഏറ്റവും പ്രാധാന്യമേറിയ കാര്യം. കർഷകർ പൊക്കാളി കൃഷിയിൽ സജീവമാകണമെങ്കിൽ മുടക്കു മുതലും ലാഭവും അവർക്കു തിരിച്ചു കിട്ടിയേ മതിയാകൂ. നഗരസാമീപ്യമുള്ള പൊക്കാളിപ്പാടങ്ങളിലെ തൊഴിലാളികൾ ഇന്നത്തെ കുറഞ്ഞ കാർഷിക തൊഴിലാളി വേതന നിരക്കിൽ പണിയെടുക്കാൻ ഒരിക്കലും തയ്യാറാവില്ല. ഉയർന്ന നിരക്കിൽ കൂലി നൽകി ഒരു ചൂതാട്ടത്തിന് കർഷകനും തയ്യാറല്ല. ഇവിടെയാണ് സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും ആയിരത്തിലേറെപ്പേർ എങ്കിലും കർഷകത്തൊഴിലാളി പെൻഷൻ പറ്റുന്നവരായുണ്ട്. പക്ഷേ അത്ര തന്നെ തൊഴിലാളികളെ ഇന്നു കാർഷിക മേഖലയിൽ കാണാനും കഴിയുന്നില്ല. ഉയർന്ന വേതനവും വർഷം മുഴുവൻ തൊഴിലും നൽകാൻ കഴിയാത്ത ഇന്നത്തെ അവസ്ഥയിൽ പൊക്കാളിപ്പാടങ്ങൾക്കു വേണ്ട അനുയോജ്യമായ യന്ത്രങ്ങൾ കൂടിയേതീരൂ എന്ന് ശ്രീ. കെ. ബാബു എം. എൽ. എ. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

ഏഴുതിരിയുള്ള നിലവിളക്ക് ക്ഷണിക്കപ്പെട്ട കർഷക സമൂഹത്തിനു മുന്നിൽ കൊളുത്തി അതിശോഭയോടെ തെളിഞ്ഞുകത്തുന്ന തിരിനാളങ്ങളെ സാക്ഷിനിർത്തി ബഹുമാന്യനായ കേരള സർക്കാരിന്റെ കൃഷി വകുപ്പ് മന്ത്രിയും കേരള കാർഷിക സർവ്വകലാശാലയുടെ പ്രോ ചാൻസിലറുമായ ശ്രീ. മുല്ലക്കര രത്നാകരൻ ഉദ്ഘാടന പ്രസംഗം ആരംഭിച്ചതു തന്നെ ചന്ദ്രനിലേയ്ക്കു പോലും മനുഷ്യനെ അയക്കാനുള്ള ഉദ്യമത്തിനിടയിലും തെങ്ങുകയറാൻ അനുയോജ്യവും അനായാസവുമായ ഒരു യന്ത്രത്തിന്റെ അഭാവത്തെപ്പറ്റി പരാമർശിച്ചുകൊണ്ടാണ്. പൊക്കാളികൃഷിയുടെ സമഗ്രവികസനത്തിന് യന്ത്രവൽക്കരണത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ ബഹു. മന്ത്രി, കൃഷിവകുപ്പിലെ വികസന ഉദ്യോഗസ്ഥരുടെയും കാർഷികത്തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യ, ആശയങ്ങൾക്ക്, കാർഷിക സർവ്വകലാശാലയിലെ ഗവേഷകർ രൂപം നൽകി ജീവൻ നൽകിയാൽ "കാംകോ", "റെയ്ഡ്കോ" എന്നീ സ്ഥാപനങ്ങൾ അവയ്ക്ക് പുനർജന്മങ്ങൾ നൽകി കർഷകർക്കു നൽകണമെന്ന് നിർദ്ദേശിക്കയുണ്ടായി. പല തലകൾ ചേർന്ന് ഒന്നായി പ്രവർത്തിക്കുമ്പോൾ സ്വപ്നങ്ങൾക്ക് ചിറക് താനേ മുളച്ച് പൊങ്ങും. പിന്നെ ഒരു അനുയോജ്യമായ യന്ത്രം കണ്ടെത്താൻ ജപ്പാന്റേയോ കൊറിയയുടെയോ സഹായം നമുക്ക് വേണമെന്നില്ല. ഇച്ഛാ ശക്തിയും ആശയ ഐക്യവും മാത്രം മതി ഏത് യന്ത്രത്തിനും രൂപം നൽകാൻ.

പ്രസംഗം തുടർന്ന ബഹു. മന്ത്രി ഉത്പ്പാദനക്ഷമത ഉയർത്താനുള്ള ഗവേഷണ പദ്ധതികൾക്ക് ഊന്നൽ നൽകണമെന്ന് അഭിപ്രായപ്പെട്ടു. ഒരു ബ്രാൻഡ് ഉൽപ്പന്നമായി പൊക്കാളിയെ ഉയർത്താനുള്ള ശ്രമത്തിന്റെ ഒരു കടമ്പ കടന്നുവെന്നത് ശ്രദ്ധേയമാണ്. ബ്രാൻഡ് ചെയ്ത് വിൽക്കാൻ കഴിഞ്ഞാൽ ഏറ്റവും വലിയ ഗുണം ഉൽപ്പന്നങ്ങളെ കൂടിയ വിലയ്ക്ക് നമുക്ക് വിൽക്കാൻ കഴിയും എന്നതാണ്. ആ ഉദ്യമത്തിന്റെ വിജയത്തിന് ബഹു. മന്ത്രി ആശംസകൾ നേർന്നു.

പുരാതന കാലത്ത് ഭാരതത്തിൽ കൃഷിയും ആയുർവ്വേദവും ഒരേ ശാസ്ത്രമായി ഒരുമിച്ചാണ് വളർന്നു വന്നത്. ആഹാരം ഒരു മരുന്നായിട്ടാണ് ജനങ്ങൾ കണ്ടിരുന്നത്. പ്രകൃതിയ്ക്ക് ഏറ്റവും ഇണങ്ങിയ പ്രവൃത്തി കൃഷിയും, ചികിത്സാരീതി ആയുർവ്വേദവും ആയി

രുന്നു. പൊക്കാളി അരിയുടെ ഔഷധഗുണങ്ങൾ കണ്ടെത്തി പ്രചരിപ്പിക്കുന്നതോടൊപ്പം ഉപോൽപ്പന്നങ്ങളായ - ഉമി കൊണ്ട് മണ്ണിഷ്ടിക നിർമ്മാണ സാദ്ധ്യതകൾ, തവിടിൽ നിന്നുള്ള എണ്ണയുടെ ഉല്പാദനവും അവയുടെ ഔഷധഗുണ നിർണയവും, വൈക്കോലിന്റെ നൂതന സംസ്ക്കരണരീതികളും കണ്ടെത്തി കർഷകർക്ക് ഹെക്ടറിന് ലക്ഷത്തിലേറെ വരുമാനം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറഞ്ഞു കൊണ്ട് ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗം സദസ്യരുടെ കരഘോഷങ്ങൾക്കിടയിൽ അവസാനിപ്പിച്ചു.

വിഷയാവതരണത്തിന് സദസ്സിന് മുന്നിൽ വന്ന ആദരണീയനീയ കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ശ്രീ. കെ ആർ. വിശ്വംഭരൻ IAS, വിഷയാവതരണത്തിനു തന്നെ നിയോഗിച്ചെങ്കിലും അതിനു ആശംസാ പ്രാസംഗികനും അദ്ധ്യക്ഷ പ്രാസംഗികനും അതേപ്പറ്റി ഗഹനമായി പരാമർശിച്ചതിൽ അൽപം നൈരാശ്യവും ഖേദവും പ്രകടിപ്പിച്ചുകൊണ്ടാണ് തന്റെ പ്രസംഗം ആരംഭിച്ചത്. പ്രധാനമായും എറണാകുളം ജില്ലയിൽ കൃഷിചെയ്യുന്ന ഈ പാരമ്പര്യ, പരിസ്ഥിതി സൗഹൃദ കൃഷി സമ്പ്രദായത്തിന്റെ വിസ്തീർണ്ണവും അതിൽ ഏർപ്പെട്ടിരിക്കുന്ന കർഷകന്റെ എണ്ണവും ക്രമാതീതമായി കുറഞ്ഞുവരുന്നതിൽ ഉത്കണ്ഠ രേഖപ്പെടുത്തിക്കൊണ്ടു തുടങ്ങിയ പ്രസംഗത്തിൽ, പാരമ്പര്യ കാർഷിക അറിവുകളും കാർഷിക മുറകളും കർഷകരിൽ നിന്നും പകർന്നു സൂക്ഷിക്കാൻ ഗവേഷകർ കടപ്പെട്ടവരാണെന്നും അവരത് ചെയ്യണമെന്നും നിർദ്ദേശിക്കുകയുണ്ടായി. പൊക്കാളി കൃഷി സമ്പ്രദായരീതികൾ കാർഷിക സർവ്വകലാശാലയുടെ സ്വകാര്യസ്വത്തല്ലെന്നും, അത് കർഷകർ തലമുറകളായി കൈമാറി വന്ന അനുഭവസമ്പത്തിന്റെ ആകെത്തുകയാണെന്നും തുറന്നു പറഞ്ഞ ബഹു. വൈസ് ചാൻസിലർ ഒരായിരം കാരണങ്ങളാൽ തരിശിടുന്ന പാടങ്ങൾ വീണ്ടെടുത്ത് കൃഷിക്ക് ഉപയുക്തമാക്കണമെന്ന് അഭ്യർത്ഥിച്ചതോടൊപ്പം അവിടേയ്ക്ക് വേണ്ട സമസ്ത സാങ്കേതിക വിദ്യകളും നൽകാൻ കാർഷിക സർവ്വകലാശാല ഗവേഷകർ സദാ സന്നദ്ധരാണെന്നും സദസ്സിനു ഉറപ്പുനൽകി. പൊക്കാളി നെല്ലിന്റെ ഔഷധ മൂല്യത്തിൽ ഊന്നി സംസാരിച്ച ബഹു. വൈസ് ചാൻസിലർ എറണാകുളം കളക്ടറും പൊക്കാളി നില വികസന ഏജൻസിയുടെ ചെയർമാനുമായിരുന്ന കാലത്ത് പൊക്കാളി കൃഷിയ്ക്കും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനും നൽകിയ സർക്കാർ ഇടപെടലുകൾ വിസ്തരിക്കയുണ്ടായി. ബഹുമാന്യനായ മന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിന് മറുപടി എന്ന പോലെ സർവ്വകലാശാല ഗവേഷകർ -കർഷകരോടും വികസന ഉദ്യോഗസ്ഥരോടും "റെയ്ഡ്കോ," "കാംകോ" എന്നീ ഏജൻസികളോടും കൈകോർത്തുകൊണ്ട് പൊക്കാളി കർഷകർക്കെന്നും താങ്ങും തണലുമായി നില കൊള്ളുമെന്ന് പ്രഖ്യാപിച്ചുകൊണ്ടു തന്റെ ഹ്രസ്വപ്രസംഗം അവസാനിപ്പിച്ചു.

തുടർന്ന് ആശംസാപ്രസംഗം നടത്തിയ ശ്രിമതി ജയിൻ ടീച്ചർ, കൗൺസിലർ, കൊച്ചിൻ കോർപ്പറേഷൻ, ഈ കർഷകസംഗമം വഴി കർഷകരുടെ ചില പ്രശ്നങ്ങൾക്കെങ്കിലും പരിഹാരം കാണുമെന്ന് പ്രത്യാശിച്ചതോടൊപ്പം സംഗമത്തിന് മംഗളങ്ങളും നേർന്നു.

കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ, പ്രൊഫ. ജോബി. വി. പോൾ, താൻ കർമ്മം കൊണ്ട് ഒരു കാർഷിക എഞ്ചിനീയർ ആയതിനാൽ പൊക്കാളി കൃഷിയുടെ ഉന്നമനത്തിനു വേണ്ടി വരുന്ന എല്ലാ വിധ കാർഷിക യന്ത്രങ്ങളും രൂപകല്പന ചെയ്യാൻ തവനൂരിലെ കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിനോട് നിർദ്ദേശം നൽകുമെന്ന് ആശംസാ പ്രസംഗത്തിൽ ഉറപ്പ് നൽകുകയുണ്ടായി.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, എറണാകുളം പൊക്കാളി നില വികസന ഏജൻസി യുടെ സെക്രട്ടറിയുമായ ശ്രീ. എൻ. വിജയൻ ഭൂപ്രദേശ സൂചക നടപടിക്രമങ്ങളും അതു കിട്ടുക വഴി ഉണ്ടാകാവുന്ന കാർഷിക ഗുണങ്ങളിലുമാണ് തന്റെ ആശംസാ പ്രസംഗത്തിൽ ഊന്നൽ നൽകിയത്. ഒരു കൃഷി വികസന ഉദ്യോഗസ്ഥനെന്നതിനാൽ തനിക്ക് പല കർഷ കരെയും നേരിട്ടറിയാമെന്നും അവരിൽ പലർക്കും പൊക്കാളി കൃഷി ഉപേക്ഷിച്ച് ഇതര സംരംഭങ്ങളിലേയ്ക്ക് തിരിയാൻ താല്പര്യം ഇല്ലാത്തവരാണെന്നും പറഞ്ഞപ്പോൾ കര ഘോഷത്തോടെയാണ് സദസ്സ് ഇക്കാര്യം പ്രതികരിച്ചത്.

സർക്കാർ തന്നെ തത്വത്തിൽ അംഗീകരിച്ചതും കുട്ടനാട്ടിൽ വിജയകരമായി നടപ്പാക്കി വരുന്നതുമായ ഒരു നെല്ലും ഒരു മീനും പദ്ധതി പൊക്കാളി പാടശേഖരങ്ങളിൽ നിലവിൽ ഉണ്ടെങ്കിൽക്കൂടി അതിനുതകുന്ന മേന്മയേറിയ സാങ്കേതിക വിദ്യകളും വിപണന വില യേറിയ മത്സ്യങ്ങളുടെ ഉൾപ്പെടുത്തലും സംബന്ധിച്ച ഗവേഷണ പദ്ധതികൾക്ക് ഊന്നൽ നൽകുമെന്ന് പനങ്ങാട്, ഫിഷറീസ് കോളേജ് ഡീൻ, പ്രൊഫ. ഡി.ഡി.നമ്പൂതിരി തന്റെ ആശംസാ പ്രസംഗത്തിൽ അഭിപ്രായപ്പെടുകയുണ്ടായി. അതിനു വേണ്ടി തന്റെ കീഴിലുള്ള ഗവേഷണവിഭാഗത്തെ സജ്ജമാക്കുമെന്നും സദസ്സിനു ഉറപ്പു നൽകി.

പ്രസ്തുത കർഷകസംഗമം തനതായ ആർഭാടത്തോടും ഗൗരവത്തോടും സംഘടി പ്പിച്ച വൈറ്റില നെല്ല് ഗവേഷണകേന്ദ്രവും അതിന് നേതൃത്വം നല്കിയ സ്ഥാപന മേധാ വിയ്ക്കും നന്ദി രേഖപ്പെടുത്തി തുടങ്ങിയ ആശംസാപ്രസംഗത്തിൽ കുമരകം പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ അസ്സോസിയേറ്റ് ഡയറക്ടറായി ചാർജ്ജ് വഹിക്കുന്ന പ്രൊഫ. ജോസഫ് ഫിലിപ്പ് പ്രധാനമായും ഗവേഷണ കേന്ദ്രത്തിന്റെ പൂർവ്വകാല നേട്ടങ്ങളിലേ യ്ക്കാണ് കർഷക സമൂഹത്തിന്റെ ശ്രദ്ധ തിരിച്ചത്. തുടർന്നു സംസാരിച്ച അദ്ദേഹം സ്ഥാപ നത്തിൽ ഇപ്പോൾ നടന്നു വരുന്ന ഗവേഷണ പദ്ധതികൾക്ക് തുടർന്നും നിർല്ലോഭ സഹായ വാഗ്ദാനങ്ങൾ നൽകുകയുണ്ടായി.

അദ്ധ്യക്ഷനും ഉദ്ഘാടകനും ആശംസാപ്രാസംഗികർക്കും വിശിഷ്ടാതിഥികൾക്കും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ഉദ്യോഗസ്ഥാനുദ്യോഗസ്ഥർക്കും മറ്റിതര വിഭാഗക്കാർക്കും നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തിയ പ്രൊഫ. കെ. അനിലകു മാർ, നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില, തന്റെ കൃതജ്ഞതാപ്രസംഗം അവസാനിപ്പിച്ച പ്പോൾ 2007 ലെ പൊക്കാളി സൗഹൃദ കർഷക, തൊഴിലാളി, ഉദ്യോഗസ്ഥ, ഗവേഷക, രാഷ്ട്രീയ സംഗമം ആരംഭിച്ചു.

പൊക്കാളി കൃഷി ഗവേഷണത്തിൽ കാൽ നൂറ്റാണ്ടിലേറെ പ്രാഗത്ഭ്യം നേടിയ സർവ്വ കലാശാലയിൽ നിന്ന് വിരമിച്ച ആദരണീയരായ മുൻ ശാസ്ത്രജ്ഞർ പ്രൊഫ. പി. ജെ. ടോമി, പ്രൊഫ. കെ. എം. ജോർജ്, പ്രൊഫ. എം.സി. നായർ എന്നിവരെ സാക്ഷി നിർത്തി ആരംഭിച്ച പൊക്കാളി കർഷകസംഗമത്തിൽ കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. ഡി. അലക്സാണ്ടർ അദ്ധ്യക്ഷത വഹിച്ചു.

പ്രസംഗവേദി എല്ലാപേർക്കുമായി തുറന്നു നൽകിയ അദ്ധ്യക്ഷൻ തന്റെ ഹ്രസ്വമായ ആമുഖപ്രസംഗത്തെതുടർന്ന് വേദി പങ്കിടാൻ കർഷകർ ഉൾപ്പെടെയുള്ള എല്ലാ സദസ്യ രെയും ആദരപൂർവ്വം ക്ഷണിച്ചു.

ആദ്യമായി വേദിയിലെത്തിയ ബഹുമാന്യനായ ശ്രീ. കെ. കെ. കൃഷ്ണൻകുട്ടി, പ്രസി ഡന്റ്, നെല്ലുല്പാദക സമിതി, നായരമ്പലം, പൊക്കാളികൃഷിയ്ക്കു നേരേയുള്ള അധികൃ

തരുടെ അവഗണനയ്ക്കെതിരെ നിശിതമായ വിമർശനം ഉയർത്തിക്കൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. നായരമ്പലം പഞ്ചായത്തിലെ ആയിരത്തി അഞ്ഞൂറ് ഏക്കർ സ്ഥലത്ത് പൊക്കാളി കൃഷി നടത്തി വന്ന സ്ഥാനത്ത് ഇന്ന് മുന്നൂറു മുതൽ നാനൂറ് പറ നിലം മാത്രമേ കൃഷി ചെയ്യുന്നുള്ളൂ. അതിന് അദ്ദേഹം ഉന്നയിച്ച കാരണങ്ങളിൽ കാർഷിക ത്തൊഴിലാളികളുടെ അഭാവം തന്നെയാണ് ഒന്നാമൻ. ഗോശ്രീ പാലങ്ങളുടെ ഉദ്ഘാട നത്തെത്തുടർന്ന്, ഉണ്ടായിരുന്ന കാർഷികത്തൊഴിലാളികൾ പോലും നിർമ്മാണ മേഖല യിലേയ്ക്ക് കുടിയേറിയിരിക്കയാണ് എന്നും അദ്ദേഹം പ്രസ്താവിച്ചു. നായരമ്പലത്ത് കൃഷി ചെയ്യാനിന്ന് ഏക്കറിന് 8005 രൂപ ചെലവു വരുമ്പോൾ അതിൽ നിന്നുള്ള വരുമാനം 4400 രൂപ മാത്രമാണ്. അതായത് 3605 രൂപ ഒരേക്കർ നെൽകൃഷി നടത്തുമ്പോൾ കർഷകന് നഷ്ടപ്പെടുന്നു. തുടർന്ന് സംസാരിച്ച ബഹുമാന്യനായ ഈ കർഷകൻ തണ്ടുചീയുന്ന അസുഖവും തണ്ടു തുരപ്പന്റെ ആക്രമണവും ഇന്നു പൊക്കാളിപ്പാടങ്ങളിൽ വ്യാപകമായി കണ്ടുവരുന്നുണ്ടെന്ന് പറഞ്ഞു. ഇവയുടെ ശാശ്വത പരിഹാരമാർഗ്ഗങ്ങൾ പ്രാവർത്തികമാക്ക ണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

തുടർന്നു സംസാരിച്ച പി. വൈ. എബ്രഹാം, ചെല്ലാനം പാടശേഖര സമിതി സെക്ര ട്ടറി പൊക്കാളിപ്പാടങ്ങളിൽ തണ്ടുതുരപ്പൻ, മറ്റുകീടങ്ങൾ, നെല്ലിക്കോഴി എന്നിവയുടെ രൂക്ഷ മായ ആക്രമണത്തെപ്പറ്റിയാണ് പ്രതിപാദിച്ചത്.

കഷ്ടതകൾ പേറികൊണ്ടുള്ള പൊക്കാളികൃഷിയിൽ ഇവയുടെ ആക്രമണം കൂനിൻമേൽ കുരു എന്ന പ്രതീതിയാണ് കർഷകർക്ക് അനുഭവപ്പെട്ടത്. രാസനിയന്ത്രണം സാദ്ധ്യമല്ലാത്ത പൊക്കാളിപ്പാടങ്ങളിൽ ഇവയെ ജൈവീക മാർഗ്ഗത്തിലൂടെ നിയന്ത്രിക്കാ നുള്ള സാങ്കേതിക വിദ്യ രൂപപ്പെടുത്തണമെന്ന് അധികൃതരോട് ആവശ്യപ്പെട്ടുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു.

സംഗമത്തിന്റെ സംഘാടകർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് കെ. എൽ. സെബാ സ്റ്റ്യൻ, കർഷക സംഘം സെക്രട്ടറി, കോട്ടുവള്ളി, പാരമ്പര്യമായി വളരെയധികം പ്രത്യേ കതകൾ  ഉൾക്കൊണ്ട പൊക്കാളികൃഷി സംരക്ഷിച്ച് നിലനിർത്താൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടെയാണ് പ്രസംഗം ആരംഭിച്ചത്. കർഷകർ മാത്രം വിചാരിച്ചാൽ കൃഷി സംരക്ഷിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇന്നു നിലവിലുള്ള ത്. കൃഷിയിറക്കുന്ന കർഷകന് അതു കൊയ്തെടുക്കാൻ സാധിക്കാത്ത ഇന്നത്തെ അവ സ്ഥയിൽ ഈ കൃഷി നിലനില്ക്കുന്നത് എങ്ങനെയെന്ന് അദ്ദേഹം ആരാഞ്ഞു. അഞ്ചേ ക്കർ സ്ഥലത്ത് VTL-6 എന്ന നെല്ലിനമാണ് അദ്ദേഹം കൃഷി ചെയ്തത്. വളരെ നല്ല വിളവും ഉണ്ട്. പാരമ്പര്യ നെല്ലിനങ്ങളേക്കാൾ നല്ല വിളപ്പൊലിമയാണ് പാടത്ത് VTL-6 ഇത്തവണ കൃഷിചെയ്തപ്പോൾ. പക്ഷേ അതു സമയത്ത് കൊയ്തെടുക്കാൻ ഇതു വരെ സാധിച്ചിട്ടി ല്ല. അതിനാൽ തന്നെ കതിരുകൾ വെള്ളത്തിൽ കിടന്ന് നശിക്കുകയാണ്. പലവേദിക ളിലും ഈ പ്രശ്നങ്ങൾ നിരന്തരം ഉന്നയിക്കപ്പെട്ടിട്ടും പരിഹാരങ്ങൾ ഒന്നുമില്ല. അമിതമ ഴയിൽ ഉയരുന്ന ജലത്തെ ക്രമീകരിക്കാൻ വേണ്ട ജലനിയന്ത്രണ മാർഗ്ഗങ്ങൾ ഇന്നു പൊക്കാളിപ്പാടങ്ങളിൽ നിലവിലില്ല. കർഷകത്തൊഴിലാളികളെ കിട്ടാനില്ല. ഉള്ള തൊഴിലാ ളികളിൽ പലരും അടുത്തുണ്ടായ ചിക്കുൻഗുനിയ പനിമൂലം പ്രയാസപ്പെടുകയാണ്. പ്രശ്ന ങ്ങൾക്കു നടുവിലും ഈ കൃഷി തുടർന്നും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും യോജിച്ച യന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനെയും പറ്റി പറഞ്ഞുകൊണ്ടും തന്റെ പ്രസംഗം അവസാനിപ്പിച്ചു.

ശ്രീ. എം.ആർ. ഷാജി, നീണ്ടകര, ചെല്ലാനം പാടശേഖരം നാലഞ്ചു കൊല്ലമായി തരിശിട്ടിരുന്ന പാടത്ത് ഇത്തവണ കൃഷിയിറക്കിയതിന്റെ അനുഭവം ആണ് വിവരിച്ചത്. ആർത്തുവളർന്ന് നല്ല വിളവ് പ്രതീക്ഷിച്ച VTL-6 എന്ന അത്യുൽപ്പാദന ശേഷിയുള്ള നെല്ലിനത്തിന്റെ കാറ്റാടി പരുവത്തിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഫലപ്രദമായി ജലനിയന്ത്രണം സാധിക്കാത്തതിനാൽ നശിച്ച ദുരന്തകഥയാണ് അദ്ദേഹം പറഞ്ഞത്. അത്തരം പൊക്കാളിപ്പാടങ്ങളിൽ അടിയന്തിരമായിതന്നെ ജലം നിയന്ത്രിക്കുന്നതിനായി എഞ്ചിൻ തറയും പമ്പും സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. വെള്ളം വറ്റിച്ചുകൊണ്ട് കൃഷി നടത്തിയാൽ കൂടുതൽ ചെനപ്പുകൾ പൊട്ടുമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അത്തരത്തിൽ കൃഷി ചെയ്തപ്പോൾ ഒരു ചുവടിൽ നിന്നും അറുപത് ചെനപ്പുകൾ വരെ ഉണ്ടായതായി കണ്ടു. പൊക്കാളിയിൽ ഇത്തരത്തിലുള്ള ഒരു കൃഷിരീതി പരീക്ഷണ വിധേയമാക്കിയതിനു ശേഷം പ്രോത്സാഹിപ്പിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പാടശേഖരത്തിനു പുറത്ത് എപ്പോഴും നല്ല വെള്ളമായതിനാൽ 1600 മീറ്റർ നീളമുള്ള ചിറയുടെ അകവും പുറവും കല്ലുകെട്ടി സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടു.

തുടർന്നു സംസാരിച്ച ശ്രീ. സുധീർ, കർഷക സമിതി പ്രസിഡന്റ്, കോട്ടുവള്ളി തല തിരിഞ്ഞ രീതിയിൽ കാർഷികോപാധികൾ കർഷകർക്ക് വിതരണം ചെയ്യുന്നതിലാണ് കുറ്റം കണ്ടെത്തിയത്. തന്റെ തന്നെ പാടശേഖരത്തിന് ആദ്യം ലഭിച്ചത് മെതിയന്ത്രം ആയിരുന്നു. അതു കൊണ്ടുപോകാനുള്ള വഴി പോലും പാടശേഖരത്തിന് ഇല്ലായിരുന്നു എന്നുള്ളതാണ് അവസ്ഥ. ആദ്യം ചെയ്യേണ്ട കാര്യങ്ങൾ അവസാനവും അവസാനം ചെയ്യേണ്ടത് ആദ്യവും നടപ്പിലാക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിച്ചേ മതിയാകൂ. വൈറ്റില - 6 എന്ന നെല്ലിനമാണ് രണ്ടുവർഷമായി ഞങ്ങളുടെ പാടശേഖരങ്ങളിൽ കൃഷി ചെയ്തു വരുന്നത്. ഉയർന്നു നില്ക്കുന്ന നെല്ലായതിനാൽ ഒരാഴ്ച കൊയ്ത്തിന് ആളെ കിട്ടിയില്ലെങ്കിൽക്കൂടി ചാഞ്ഞ് വീണ് നശിക്കാറില്ല. ഈ നെല്ലിനത്തിന് ജന്മം നൽകിയ ഗവേഷകരെ അദ്ദേഹം അനുമോദിച്ചു. ഫാം റോഡ്, വൈദ്യുതി, മെതിയന്ത്രം, സിമന്റിട്ട മെതിക്കളം എന്നിവ ലഭിച്ചാൽ മാത്രമേ കോട്ടുവള്ളിയിലെ പ്രസ്തുത പാടശേഖരങ്ങളിൽ പൊക്കാളികൃഷി തുടർന്നും നടത്തിക്കൊണ്ടു പോകാൻ സാധിക്കുകയുള്ളൂവെന്ന് അസന്നിഗ്ദ്ധമായി പറഞ്ഞ ഈ കർഷകൻ ജൈവകൃഷിയായ പൊക്കാളിയെ അതേപടി നിലനിർത്താൻ ഇന്നത്തെ വ്യാവസായിക മലിനീകരണം അനുവദിക്കില്ലെന്ന് സദസ്സിനെ ഓർമ്മപ്പെടുത്തി.

എടവനക്കാട്ടെ ഒരു കർഷക സുഹൃത്ത് ശ്രീ മുഹമ്മദ് ഹാജി ഇങ്ങനെ പറയുകയുണ്ടായി. കൃഷിഭവൻ വഴി നൽകിയ ഇവിടെത്തന്നെ എല്ലാവരും പുകഴ്ത്തിപ്പറഞ്ഞ VTL -6 എന്ന നെല്ലിനമാണ് എടവനക്കാട്ട് വെള്ളക്കെട്ട് അധികമായ പാടത്ത് കൃഷി ചെയ്യാൻ ഇത്തവണ നൽകിയത്. സാധാരണ പൊക്കാളി ഇനങ്ങളെ അപേക്ഷിച്ച് പൊക്കം കുറഞ്ഞ VTL -6 വെള്ളക്കെട്ടിനെ അതിജീവിക്കാനാകാതെ നശിച്ചു പോവുകയാണ് ഉണ്ടായത്. അതിനാൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പാടങ്ങൾക്കനുയോജ്യമായ വിത്തിനങ്ങളാണ് കർഷകർക്ക് നൽകേണ്ടത് എന്ന് നിർദ്ദേശിക്കുകയുണ്ടായി. പലതരം വിത്തുകൾ പാടങ്ങളിൽ പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയമാക്കിയ ശേഷം വേണം ഏതു വിത്താണ് നല്ലതെന്ന് നിശ്ചയിക്കാൻ. പണ്ടെല്ലാം പൊക്കാളി പാടത്ത് കൊയ്ത്ത് ഒരു ഉത്സവമായിരുന്നു. അന്നെല്ലാം സ്ക്കൂളുകൾക്കു പോലും അവധി നൽകി (ഹാർവസ്റ്റ് വെക്കേഷൻ) കുട്ടികളെപോലും പങ്കാളികളാക്കി സർവ്വ ആൾക്കാരും കൊയ്ത്ത് ഒരു ആഘോഷമാക്കിയിരുന്നു.

ഇന്നത്തെ അവസ്ഥയോ ? കർഷകരെയും കർഷകത്തൊഴിലാളികളെയും അവജ്ഞയോടെയാണ് സമൂഹം നോക്കികാണുന്നത്. നബാർഡ് മുഖേന നടത്തിവരുന്ന ചിറ നിർമ്മാണത്തിലെ അപാകതകളിലേയ്ക്കാണ് തുടർന്നു സംസാരിച്ച കർഷകൻ വിരൽ ചൂണ്ടിയത്. ഈ കൃഷി നിലനിർത്തണമെങ്കിൽ കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം സർക്കാർ നികത്തിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സംഗമത്തിനു ക്ഷണിച്ചതിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ടും പ്രസംഗം അവസാനിപ്പിച്ചു.

ശ്രീ. സി. എം. വേണു കടമക്കുടി പഞ്ചായത്തിൽ പിഴലക്കരയിലെ ഒരു പൊക്കാളി കർഷകനാണ്. ബിസിനസ്സ് രംഗത്തുനിന്നും സ്വയം പിന്മാറി ഇരുപതു വർഷങ്ങൾക്കു മുമ്പേ കർഷകനായ വേണുവിന്റെ അഭിപ്രായത്തിൽ പൊക്കാളികൃഷിയുടെ ഭാവി അത്ര ശോഭനമല്ല എന്നതാണ്. ജൈവകൃഷിയായി അംഗീകരിക്കപ്പെട്ടതും ഭൂപ്രദേശ സൂചകത്തിനു വേണ്ടി ശ്രമിക്കുന്നതുമായ പൊക്കാളിക്ക് ഒരു ജൈവസാക്ഷ്യ പത്രം മുമ്പ് ലഭിക്കുന്നതിനു വേണ്ടി ശ്രമിച്ചപ്പോൾ വിശദമായ രാസപരിശോധനയുടെ അടിസ്ഥാനത്തിൽ രാസവസ്തുക്കൾ പൊക്കാളി അരിയിൽ അടങ്ങിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കായലുകളുടെ ഓരത്ത് നിലകൊള്ളുന്ന അനേകം വ്യവസായശാലകൾ കായലുകളിലേയ്ക്ക് പുറം തള്ളപ്പെടുന്ന രാസമാലിന്യങ്ങൾ കായലിലൂടെ പൊക്കാളിപ്പാടങ്ങളിൽ എത്തി മലിനമാക്കുമ്പോൾ പൊക്കാളി അരിയ്ക്ക് ഒരു ജൈവസാക്ഷ്യപത്രം എന്നത് സ്വപ്നം മാത്രമായി അവശേഷിക്കുകയുള്ളൂവെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. പാടങ്ങളിലെ മലിനീകരണ പ്രശ്നങ്ങൾക്കു വേണ്ട വിധത്തിലുള്ള പരിഹാരങ്ങൾ കണ്ടെത്തുന്നില്ല എന്ന പരാതിയാണ് അദ്ദേഹത്തിനുള്ളത്. പിൽക്കാലങ്ങളിൽ പത്രമാദ്ധ്യമങ്ങളിൽ അതിപ്രാധാന്യത്തോടെ നിറഞ്ഞുനിന്ന മത്സ്യക്കുരുതിയുടെ വാർത്തകളും അതേത്തുടർന്നുള്ള അന്വേഷണങ്ങളും വെറും ഒരു പ്രഹസനമായതിൽ അദ്ദേഹത്തിനുള്ള ദു:ഖവും നൈരാശ്യവും സദസ്സിനു മുന്നിൽ മറച്ചു വെച്ചില്ല.

കടമക്കുടി കർഷക സംഘം സെക്രട്ടറിയായ ശ്രീ. ഇ. ഡി. ജോസഫ് സംഗമത്തിൽ പ്രധാനമായും ഉന്നയിച്ചത് പൊക്കാളികൃഷിയിലെ യന്ത്രവൽക്കരണത്തിന്റെ ആവശ്യത്തിലേക്കാണ്. കൊയ്ത്തുയന്ത്രം പരീക്ഷണാടിസ്ഥാനത്തിൽ കടമക്കുടിയിൽ നടത്താൻ വേണ്ട സഹായ സൗകര്യങ്ങൾ വാഗ്ദാനം ചെയ്തു. തുടർന്നു സംസാരിച്ച ബാഹു: കർഷകൻ ചെമ്മീൻ കൃഷിയിലെ വൈറസ് രോഗത്തിന്റെ ഭീകരതയിലേക്കാണ് വിരൽ ചൂണ്ടിയത്. ഗവേഷകരുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി.

കർഷകരോട്, സമൂഹത്തിന്റെ മനോഭാവം വളരെ മോശമാണെന്ന് പറഞ്ഞുകൊണ്ടാണ് എടവനക്കാട് പാടശേഖരസമിതി സെക്രട്ടറിയും പഞ്ചായത്ത് കൃഷി വികസന അംഗവും ആയ അബ്ദുൾ ഷുക്കൂർ പ്രസംഗം ആരംഭിച്ചത്. കർഷകത്തൊഴിലാളികളിൽ നിന്നും വേണ്ടത്ര പ്രോത്സാഹനം കർഷകർക്കു ലഭിക്കുന്നില്ല എന്ന മറ്റൊരു പരാതിയും അദ്ദേഹം ഉന്നയിച്ചു. പൊക്കാളിപ്പാടങ്ങളിലെ പുറംബണ്ടുകളും അകത്തെ തോടുവരമ്പുകളും സംരക്ഷിക്കപ്പെടണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

ജോർജ് തോട്ടകത്ത് ചക്കരച്ചാലിലെ കർഷകന്റെ അഭിപ്രായത്തിൽ സർക്കാർ, കർഷകന്റെ ഭൂമിയിൽ കൃഷിനടത്തി ലാഭനഷ്ടക്കണക്കുകൾ കർഷകരെത്തന്നെ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമേ ഈ കൃഷി നിലനിൽക്കുകയുള്ളൂ എന്ന് സംഗമത്തിൽ അഭിപ്രായപ്പെട്ടു. അധികാരികൾക്കു മുന്നിൽ പ്രശ്നങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനെക്കാൾ

എത്രയോ നല്ലതാണ് അവർ തന്നെ കൃഷിചെയ്ത്, അതായത് സർക്കാർ ഉദ്യോഗസ്ഥർ-സ്വയം മനസ്സിലാക്കുന്നത്. കർഷകരുടെ വേദനകളോട് ഉദ്യോഗസ്ഥർക്ക് പരിചയപ്പെടാനുള്ള ഒരവസരം കൂടിയാകും ഇത്. സർക്കാരോ സർവ്വകലാശാലയോ സർക്കാരിതര ഏജൻസികളോ ഈ രീതിയിൽ കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്ത് സ്വയം ബോദ്ധ്യപ്പെട്ട് ലാഭ നഷ്ടക്കണക്കുകൾ യഥാർത്ഥമായി കർഷകരുടെ മുന്നിൽ അവതരിപ്പിച്ചാൽ അപ്പറയുന്ന രീതിയിൽ കൃഷി തുടർന്നും നടത്തിക്കൊണ്ടു പോകാമെന്ന് സദസ്സിൽ അദ്ദേഹം ഉറപ്പു നൽകി.

ആദ്യമായി സംസാരിച്ച ഒരു കർഷകത്തൊഴിലാളി ആയ ശ്രീമതി ലളിതാംബിക രാജു, ഉദയം പേരൂർ ഗ്രാമപഞ്ചായത്ത്, പൊക്കാളി കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങളാണ് പ്രധാനമായും അവതരിപ്പിച്ചത്. പൊക്കാളിപ്പാടങ്ങളിൽ 6 മാസം മാത്രമുള്ള നെൽകൃഷിക്കാലത്താണ് തൊഴിലാളികളെ ആവശ്യമുള്ളത്. അതുകഴിഞ്ഞാൽ എങ്ങനെ ജീവിക്കുമെന്ന് ഒരു കർഷകനും ജനപ്രധിനിധിയും മറ്റു കർഷക സമൂഹവും അന്വേഷിക്കാറില്ല. അതുകൊണ്ടുതന്നെയാണ് അവർ കാർഷിക മേഖലയെ വിട്ട് വർഷം മുഴുവൻ തൊഴിൽ പ്രദാനം ചെയ്യാൻ കഴിവുള്ള മറ്റു മേഖലയിലേക്ക് കുടിയേറുന്നതിന്റെ പ്രധാന കാരണവും. ഞങ്ങൾ 10 പേർ ചേർന്ന് ഉദയംപേരൂരിൽ തരിശിട്ടിരുന്ന 10 ഏക്കർ പൊക്കാളിപ്പാടം ഏറ്റെടുത്ത് കുടുംബശ്രീ വഴി കൃഷി ചെയ്ത് വരികയാണ്. ഈ കൃഷി തീർച്ചയായും ലാഭം തന്നെ ആയിരിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കാർഷികത്തൊഴിലാളികൾക്ക് സ്ഥിരം ജോലി സർക്കാർ ഏർപ്പെടുത്തിയാൽ മാത്രമേ ഈ രംഗത്ത് തൊഴിലാളികൾ നിലയുറപ്പിക്കുകയുള്ളൂ. നെൽകൃഷി ഇല്ലാത്ത സമയത്ത് കാർഷികത്തൊഴിലാളികളെ ഫാം റോഡ് നിർമ്മാണം, ബണ്ടു നിർമ്മാണം തുടങ്ങിയ അടിയന്തിര സൗകര്യ വികസനത്തിന് നിർബന്ധമായും ഉപയോഗിക്കണമെന്ന് ശക്തമായിത്തന്നെ ശ്രീമതി. ലളിതാംബിക സർക്കാരിനോടഭ്യർത്ഥിച്ചു.

കാർഷികത്തൊഴിലാളികളുടെ പരമ്പരകളുടെ (അച്ഛനപ്പൂപ്പന്മാരുടെ) അവസാന കണ്ണിയായ ശ്രീ. ടി . കെ. പ്രഭാകരൻ എന്ന കർഷകത്തൊഴിലാളിയുടെ അഭിപ്രായത്തിൽ VTL-6 കൊണ്ടുള്ള പൊക്കാളികൃഷി ഒരിക്കലും നഷ്ടമാകില്ല എന്നാണ്. ഉയർന്നു നിൽക്കുന്ന VTL-6 ന്റെ വൈക്കോലും കതിർക്കുലകളും സമയത്തുതന്നെ കൊയ്തെടുത്താൽ വൈക്കോൽ വിറ്റു തന്നെ കൃഷിച്ചെലവിലൊരു ഭാഗം മുതലാക്കാമെന്നാണ് അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ. നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും കന്നുകാലിവളർത്തൽ വഴി ഉപജീവനം നടത്തുന്ന ധാരാളം ക്ഷീര കർഷകർ ഇന്ന് നിലവിലുണ്ട്. അവർ തീവിലയ്ക്കാണ് പാലക്കാടൻ വൈക്കോൽ വാങ്ങി തങ്ങളുടെ കന്നുകാലികൾക്ക് നൽകുന്നത്. അതുകൊണ്ടുതന്നെ ഈ വൈക്കോൽ വിറ്റഴിക്കുവാൻ യാതൊരു പ്രയാസവും ഇല്ല. രാസവസ്തുക്കളോ കീടനാശിനികളോ കലരാത്ത ഈ പൊക്കാളി വൈക്കോലിന് പ്രിയമേറുകയും ഉയർന്ന വിലയും ലഭിക്കുമെന്ന പ്രതീക്ഷയാണ് ശ്രീ. ടി. കെ പ്രഭാകരനുള്ളത്. നെൽകൃഷിയെത്തുടർന്നുള്ള ചെമ്മീൻക്കെട്ടിലും ഇരട്ടി ലാഭമാണെന്ന് തുറന്നടിക്കാനും അദ്ദേഹം മടിച്ചില്ല.

പ്രൊഫ. കെ. അനിലകുമാർ പൊക്കാളി നെൽകൃഷി മേഖലയിൽ ഗവേഷണം നടത്താൻ തുടങ്ങിയിട്ട് ഒരു ദശാബ്ദത്തിലേറെയായി. കൊടുങ്ങല്ലൂർ മുതൽ ചേർത്തല വരെയുള്ള പൊക്കാളിപ്പാടങ്ങൾ നേരിട്ട് കണ്ട അദ്ദേഹത്തിന്റെ പൊക്കാളി അനുഭവങ്ങൾ സദസ്സിനു മുന്നിൽ എഴുതി വായിക്കുകയുണ്ടായി. പ്രധാന പരാമർശങ്ങൾ ഇപ്രകാരമാണ്.

ഉയരുന്ന ജലം, കാഠിന്യമേറിയ അമ്ലത, ലവണപൂരിതമായ മണ്ണും വെള്ളവും, ജല നിർഗ്ഗമനശേഷി നഷ്ടപ്പെട്ട അവസ്ഥ, അതിൽ കഷ്ടതകൾ പേറിക്കൊണ്ട് വിതച്ചതു പാതി, മുളച്ചതു പാതി, വളർന്നതു പാതി എന്നൊരു നെൽകൃഷി. അതാണ് പൊക്കാളി. പ്രശ്ന ങ്ങൾക്കു നടുവിൽ ഒരു നെൽകൃഷി. അതിലേറെ പ്രശ്നങ്ങൾ നേരിടുന്ന ഒരു പറ്റം കർഷ കർ. പൊക്കാളി നെൽകൃഷി പ്രകൃതിയുമായിട്ടുള്ള ഒരു ചൂതാട്ടം തന്നെയാണ്. കാല വർഷം നേരത്തേ വന്നാൽ കൂനകളിൽ കട്ടകൾ സൂര്യതാപമേറ്റ് വേണ്ടത്ര പൊടിഞ്ഞിട്ടുണ്ടാ വില്ല. തന്മൂലം ലവണം നീങ്ങിക്കിട്ടാൻ താമസം നേരിടുന്നു, മുള കുറയുന്നു. കാലവർഷം താമസിച്ചാലോ? അപ്പോഴും ഉപ്പ് തന്നെ വില്ലൻ. ഉപ്പ് മാറിക്കിട്ടാൻ താമസം നേരിടുന്നു. തുടർന്ന് വിത, വെട്ടിനിരത്തൽ, കൊയ്ത്ത് എന്നിവ എല്ലാം വൈകുന്നു. തൽഫലമായി ഓടി ഇറങ്ങിയ ലവണങ്ങൾ തിരിച്ചെത്തി കതിരുകളെ പതിരാക്കുന്നു. കാലവർഷത്തിന്റെ ആദ്യ പകുതിയിൽ മഴ വേണ്ടത്ര ലഭിക്കാതെ വന്നാലോ? മണ്ണിലെ അമ്ലതയും മറ്റു ദൂഷ്യാ വശിഷ്ടങ്ങളും ഒഴുകിയിറങ്ങാൻ വൈമനസ്യം കാട്ടുന്നു. ഫലമോ ഞാറുകൾ പഴുത്തു ണങ്ങുന്നു. കാലവർഷത്തിനിടയിൽ മഴ വിട്ടു നിന്നാൽ അമ്ലാംശം ഇളകി വളർന്നു നില്ക്കുന്ന നെൽച്ചെടികൾ താനേ കരിഞ്ഞുണങ്ങുന്നു. തിമിർത്തു പെയ്യുന്ന തുലാവർഷം കതിരുകളെ വെള്ളത്തിലാക്കി നശിപ്പിക്കുമ്പോൾ മഴ കുറഞ്ഞ തുലാവർഷം ഉപ്പിനെ മാടി വിളിച്ച് പാടങ്ങളിൽ പതിര് വിളയിക്കുന്നു. അതിനാൽ തികച്ചും ചൂതാട്ടത്തിന് തയ്യാറെടു ക്കുന്ന കർഷകർ പ്രകൃതിയ്ക്കനുസരണമായി കാലവർഷത്തിനനുസരിച്ച് സമയക്രമം പാലിച്ചുകൊണ്ടാണ് ഓരോ കാർഷിക പ്രവർത്തനങ്ങളെയും സമീപിക്കുന്നത്. അതി നാൽതന്നെ ഇത്തരം സമയബന്ധിതമായ കാർഷിക പരിപാടികൾക്ക് കർഷകത്തൊഴി ലാളികളുടെ സഹകരണവും ലഭ്യതയും അനിവാര്യമാണ്. തൊഴിലാളികളുടെ ലഭ്യതയും വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും പൊക്കാളി കർഷകർ നേരിടുന്ന പ്രധാനപ്രശ്ന ങ്ങളാണ്. നിലവിലുള്ള തൊഴിലാളികളുടെ പ്രായക്കൂടുതലും കർമ്മശേഷിക്കുറവും അനു ബന്ധമായി കണക്കാക്കാം. മറ്റു നെൽകൃഷി മേഖലയിൽ വിത്ത് മുതൽ വിത്ത് വരെ യന്ത്ര സാന്നിദ്ധ്യമുള്ളപ്പോൾ പൊക്കാളി കർഷകർ മെതിക്കുന്നതിനും പതിര് മാറ്റുന്നതിനും മാത്ര മാണ് ചെറിയ തോതിലെങ്കിലും യന്ത്രങ്ങളെ ആശ്രയിക്കുന്നത്. ഈ ദുരവസ്ഥയിൽ നിന്ന് കർഷകരെ എത്രയും വേഗം രക്ഷപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു.

ഒരു പൂ മാത്രം കൃഷിയുള്ള പൊക്കാളിയിൽ വിത്തിന്റെ ലഭ്യത കർഷകനെ അല ട്ടുന്ന പ്രധാന പ്രശ്നമാണ്. പൊക്കാളി കൃഷിമേഖലയിൽ ഒരു വിത്തുല്പാദന കേന്ദ്രമോ ഒരു വിത്ത് നയമോ ഇന്ന് നിലവിലില്ല. വൈറ്റിലയിലെ ഈ ഗവേഷണകേന്ദ്രം ഉല്പ്പാദിപ്പി ക്കുന്ന വളരെ കുറച്ചു നെൽവിത്താണ് കർഷകർക്ക് ലഭിക്കുന്നത്. അതും ഈ ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത വിത്തിനങ്ങൾ മാത്രം.

സുഗമമായ ജല ആഗമന നിർഗമന സംവിധാനങ്ങൾ പൊക്കാളി കൃഷിയ്ക്ക് അനിവാര്യമാണ്. വേലിയിറക്കത്തോടൊപ്പം പൊക്കാളിപ്പാടങ്ങളിൽ നിന്നും നെൽകൃ ഷിയ്ക്ക് ഭീഷണിയായ ദൂഷ്യ വസ്തുക്കൾ അഴുകിയിറങ്ങുമ്പോൾ വേലിയേറ്റത്തോടൊപ്പം എത്തുന്ന എക്കലടിഞ്ഞ് മണ്ണിന്റെ ഫലഭൂയിഷ്ടി വർദ്ധിക്കുന്നു. വർഷങ്ങളായി ആഴം കൂട്ടാതെയും മണ്ണടിഞ്ഞും അടഞ്ഞുപോയ ചാലുകൾ സുഗമമായ ജലപ്രവാഹത്തെ തട സ്സപ്പെടുത്തുന്നു. ബണ്ടുകൾ സംരക്ഷിക്കുകയും കനാലുകൾ ആഴം കൂട്ടുകയുമാണ് ഇതി നൊരു പോംവഴി.

ഇതര മേഖലകളിലെ നെൽകൃഷിയിൽ സാധാരണ കണ്ടുവരാറുള്ള രോഗകീടാക്രമണങ്ങൾ പൊക്കാളിപ്പാടങ്ങളിൽ ഇല്ലെങ്കിലും, ആമ, മത്സ്യം, നെൽക്കോഴികൾ, എന്നിവയ്ക്ക് വിത്ത് വിതയ്ക്ക് ഭീഷണിയാവുമ്പോൾ, ഇളം ഞാറുകൾ എലിവെട്ടി നശിപ്പിക്കുന്നു. ആറ്റക്കിളിയും, തത്തയും കതിർമണികളെ അപഹരിക്കുന്നു. അദ്ധ്വാനമേറിയ, ഉല്പാദനം കുറഞ്ഞ പൊക്കാളി നെല്ലിന് മറ്റിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ വില തീരെ അപര്യാപ്തമാണ്. സർക്കാരിന്റെ സംഭരണ വിലയിൽ മേല്പറഞ്ഞ കാരണങ്ങൾ കൊണ്ടും ഒരു ജൈവകൃഷിയിലൂടെയുള്ള അരിയെന്നു കണക്കാക്കിയും ഉയർന്ന താങ്ങുവില പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

അടുത്തിടെ നടത്തിയ ഒരു സർവ്വെ പ്രകാരം പൊക്കാളിപ്പാടങ്ങളിലെ തൊഴിലാളികളുടെ ശരാശരി പ്രായം 50 ന് മുകളിലാണ്. തൂമ്പ് നന്നാക്കലും കണ്ണികൂട്ടലും കൂട നെയ്യലും വെട്ടി നിരത്തലും ശരിക്കറിയാവുന്ന തൊഴിലാളികളെ വിരലിലെണ്ണാനെ കഴിയൂ. പാടങ്ങളിലെ ജലമാലിന്യവും തുടർന്നുണ്ടാവുന്ന അട്ട, കീടശല്യങ്ങൾ, എന്നിവ തൊഴിലാളികളുടെ ആരോഗ്യത്തെത്തന്നെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അരയ്ക്കുതാഴെ തണുത്ത വെള്ളവും അരയ്ക്കു മുകളിൽ സൂര്യതാപവുമുള്ള പൊക്കാളിപ്പാടത്തെ കൃഷി ആയാസമേറിയതും കഠിനവുമാണ്. അതിനാൽ തൊഴിലാളികൾക്ക് ന്യായമായി ഉയർന്ന കൂലി അവകാശപ്പെടാമെങ്കിലും കർഷകർക്ക് അത് താങ്ങാനുള്ള കഴിവില്ലാത്ത സ്ഥിതിയ്ക്ക് ഈ പൊക്കാളികൃഷി നിലനിറുത്താൻ സർക്കാരിന്റെ സഹായം കൂടിയേ തീരൂ. വർഷം മുഴുവനും തുടർച്ചയായി പണി ലഭിക്കുന്നില്ലായെന്നതും ഒരു പോരായ്മയാണ്.

പൊക്കാളിപ്പാടങ്ങളിൽ മുടക്കുമുതലിന് ആനുപാതികമായി നെല്ല് ഉല്പാദിക്കുന്നില്ല. നിലവിലുള്ള അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങളുൾപ്പെടെ ഇതു ബാധകമാണ്. അതിനാൽ തന്നെ, പ്രതികൂല സ്ഥിതിയെ തരണം ചെയ്യാനുള്ള കഴിവിനോടൊപ്പം ആറേഴു ടൺ ഉല്പാദനശേഷിയുള്ള നെല്ലിനങ്ങളുടെ വികസനവും അത്യാവശ്യമാണ്. നെല്ലിനോടൊപ്പമുള്ള സംയോജിത മത്സ്യകൃഷിയിൽ വിപണനമൂല്യമുള്ള മത്സ്യങ്ങളുടെ ഉൾപ്പെടുത്തലും വിളവൈവിദ്ധ്യവൽക്കരണവും പഠനവിധേയമാക്കേണ്ടതാണ്.

ഉയർന്ന തോതിലുള്ള മണ്ണിന്റെ ഫലഭൂയിഷ്ടിയെ പരമാവധി ചൂഷണം ചെയ്യുന്ന രീതിയിൽ ബഹു വിള കൃഷി സമ്പ്രദായവും നടപ്പാക്കേണ്ടതാണ്. നഷ്ടത്തിന്റെ പേരിലോ മറ്റേതെങ്കിലും കാരണത്താലോ നെൽകൃഷിയെ മാറ്റി നിർത്തി ചെമ്മീൻകൃഷി മാത്രം നടത്തുന്ന പ്രവണത മുളയിലേ നുള്ളിക്കളയേണ്ടതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പൊക്കാളിപ്പാടങ്ങളിലെ കടന്നു കയറ്റവും കുടിയേറ്റവുമാണ് ഇന്നു നേരിടുന്ന പ്രധാന സാമൂഹ്യവിപത്ത്. വികസനത്തിന്റെ പേരിലുള്ള ഈ കുടിയേറ്റം നഗരപ്രാന്തങ്ങളിലെ പൊക്കാളിപ്പാടങ്ങളെ എന്നന്നേയ്ക്കുമായി വിസ്മൃതിയിലാക്കിയിരിക്കുന്ന ഈ അവസ്ഥയിൽ നിലവിലുള്ള പൊക്കാളിപ്പാടങ്ങളെങ്കിലും സംരക്ഷിക്കേണ്ടത് കൊച്ചി നഗരത്തിന്റെ ആവാസവ്യവസ്ഥയ്ക്ക് അനിവാര്യമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

വൈറ്റില നെല്ല് ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞയായ ഡോ. കെ. എസ്. ഷൈലരാജ് തന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തിട്ടുള്ള VTL-6 എന്ന നെല്ലിനത്തെപ്പറ്റി ചില പരാമർശങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. മദ്ധ്യമ അരിവലിപ്പമുള്ള VTL-6 ന് തനി പൊക്കാളി അരിയുടെ അത്ര മുഴുപ്പ് ഇല്ലെന്നു സമ്മതിച്ച ഗവേഷക വെള്ളക്കെട്ടു പൊതുവെ കുറഞ്ഞ പാടശേഖരങ്ങൾക്കു വേണ്ടിയാണ് പ്രധാനമായും ഈ ഉയരം കുറഞ്ഞ പൊക്കാളി ഇനത്തെ ശുപാർശ ചെയ്തതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. വെള്ളക്കെട്ട് രൂക്ഷമായ പാടശേഖരങ്ങളിൽ അനുയോജ്യമായ വിത്തിനങ്ങൾ, കേന്ദ്രത്തിന്റെ പക്കൽ ഉണ്ടെന്നും അവ വൈറ്റില -4 എന്ന നെല്ലിനത്തേക്കാൾ വിളവ് തരാൻ കെല്പുള്ള

താണന്നും അറിയിച്ചു. പുറത്തിറക്കിയ വിത്തിനങ്ങളെക്കാൾ അധിക വിളവും തലയെടുപ്പുമുള്ള ഇത്തരം നെല്ലിനങ്ങൾ വെള്ളക്കെട്ട് കൂടിയ പാടശേഖരങ്ങളിൽ വിള പരീക്ഷണം നടത്താൻ, മുമ്പ് എടവനക്കാട്ട് ഒരു കർഷകൻ സൂചിപ്പിച്ച വെള്ളക്കെട്ട് കൂടിയ പ്രദേശങ്ങളിലും തദ്ദേശീയ ഇനങ്ങളോടൊപ്പം ഈ ഗവേഷണ സന്തതിയെ താരതമ്യ വിളപരീക്ഷണത്തിനു വിധേയമാക്കാൻ തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി. അങ്ങനെയാണല്ലോ ഒരു നെല്ലിനത്തെ പരീക്ഷണ നിരീക്ഷണ വിധേയമാക്കി കർഷക സമൂഹത്തിനു നൽകുന്നതും. തുടർന്നു സംസാരിച്ച ഗവേഷക തനതായ സവിശേഷതകൾ ഉൾക്കൊണ്ട, എന്നാൽ പൊക്കം മാത്രം കുറഞ്ഞ ഒരു "കുള്ളൻ പൊക്കാളി"യെ റേഡിയേഷൻ മ്യൂട്ടേഷൻ വഴി വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞെന്ന് സദസ്സിനെ അറിയിച്ചു. പ്രസ്തുത കുള്ളൻ പൊക്കാളി നെല്ലിനത്തെ കതിരോടുകൂടിത്തന്നെ പ്രദർശിപ്പിച്ചത് കാണികൾക്ക് ഏറെ കൗതുകമുണർത്തി. അടുത്തവർഷം താരതമ്യ വിള പരീക്ഷണത്തിനായി പ്രസ്തുത കുള്ളൻ പൊക്കാളിയെ കർഷകരുടെ പാടത്ത് എത്തിക്കുമെന്നും ഗവേഷക ഉറപ്പുനൽകുകയുണ്ടായി. കർഷകർ ആവശ്യപ്പെടുന്ന ഏതു സ്വഭാവസവിശേഷതകൾ ഉൾക്കൊണ്ട നെല്ലിനവും വികസിപ്പിച്ചെടുക്കാൻ ഈ ഗവേഷണ കേന്ദ്രം ഇന്ന് സജ്ജമാണെന്ന് അഭിപ്രായപ്പെട്ടു. പൊക്കാളി കൃഷി സമ്പ്രദായത്തിലെ വിള പരിപാലനത്തിൽ ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടിയ ശാസ്ത്രജ്ഞനാണ് ഡോ. എൻ. കെ.ശശിധരൻ, പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രം, കുമരകം. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പൊക്കാളിപ്പാടങ്ങളെ തനത് രീതിയിൽ തന്നെ സംരക്ഷിക്കണമെന്നതാണ്. ജല ആഗമന നിർഗ്ഗമന മാർഗ്ഗങ്ങൾ തടഞ്ഞുകൊണ്ടുള്ള കൃഷി ദീർഘകാലാടിസ്ഥാനത്തിൽ ഒട്ടും ഹിതകരമല്ലെന്ന് അഭിപ്രായപ്പെട്ടു. കൂറിയ നെല്ലിനങ്ങൾ ജല നിയന്ത്രണ മാർഗ്ഗംവഴി കൃഷി ചെയ്യുമ്പോൾ അതു കുട്ടനാടൻ കൃഷി സമ്പ്രദായമായി മാറുകയും അവിടുത്തെ പ്രശ്നങ്ങൾ ഇവിടെയും ആവർത്തിക്കുമെന്നും മുന്നറിയിപ്പു നൽകി. വേലിയേറ്റ - വേലിയിറക്ക പ്രതിഭാസങ്ങളാണ് പൊക്കാളിപ്പാടങ്ങളുടെ ജീവതാളം. ദിനംപ്രതി രണ്ടു നേരം പൊക്കാളിപ്പാടങ്ങൾ തോയുകയും തോരുകയും ചെയ്യുന്നുണ്ട്. അത് നിർബ്ബാധം തുടരുക തന്നെ വേണം. എന്നാൽ മുള പൊട്ടിയ നെൽവിത്തുകളും ഇളം ഞാറുകളും വെള്ളത്തിൽ നശിക്കാനും പാടില്ല. വെള്ളം കുറഞ്ഞിരുന്നാൽ ചിനപ്പുകളുടെ എണ്ണം കൂടുമെന്നതിലും സംശയമില്ല, ഞാറുകളുടെ കരുത്തും ഓജസ്സും വർദ്ധിക്കുകയും ചെയ്യും. ആയതിനാൽ പൊക്കാളിപ്പാടങ്ങളിൽ ഭാഗിക ജലനിയന്ത്രണം അത്യാവശ്യമാണ്. പാടശേഖരങ്ങളെ ഇത്തരത്തിൽ സജ്ജമാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് തുടർന്ന് അദ്ദേഹം പ്രധാനമായും ഊന്നൽ നൽകിയത്. വേലിയേറ്റ - വേലിയിറക്ക പ്രതിഭാസങ്ങളിലൂടെയുള്ള ഒരു ജൈവകൃഷിയാണ് നമ്മുടെ പൊക്കാളിപ്പാടങ്ങൾക്ക് എന്നും അഭികാമ്യമെന്ന് പറഞ്ഞുകൊണ്ട് തന്റെ പ്രസംഗം അവസാനിപ്പിച്ചു.

പൊക്കാളിപ്പാടങ്ങളിലെ കളകളെപ്പറ്റിയാണ് ഡോ.സി. ടി. എബ്രഹാം, പ്രൊഫ & ഹെഡ്, അഗ്രോണമി വിഭാഗം, ഹോർട്ടികൾച്ചറൽ കോളേജ്, വെള്ളാനിക്കര പ്രധാനമായും സംസാരിച്ചത്. കവടയും കുതിരവാലനും ചെല്ലിയും വെളുത്തപക്ഷത്തോടെ അടയ്ക്കാമണിയനും പൊക്കാളിപ്പാടങ്ങളിൽ സുലഭമാണ്. കുതിരവാലൻ കളകൾ പൊക്കാളിയുടെ മാത്രം പ്രത്യേകതയാണ്. ജൈവ കൃഷിയായ പൊക്കാളിയിൽ കളനാശിനി പ്രയോഗം ഒട്ടും ആശാസ്യമല്ല. പൊക്കാളി നെല്ലിന് വില കൂടുതൽ ലഭിക്കുന്നുണ്ടെങ്കിൽ ദിവസക്കൂലിയ്ക്ക് ആളെ നിറുത്തി പ്രസ്തുത കളകളെ പറിച്ചു നീക്കി ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിടണമെന്നും അല്ലെങ്കിൽ വിഷാംശം കുറഞ്ഞ കളനാശിനികൾ പ്രയോഗിക്കണമെന്നുമാണ് അദ്ദേഹം പ്രധാനമായും നിർദ്ദേശിച്ചത്. ജൈവരീതിയിലുള്ള നിയന്ത്രണമാർഗ്ഗങ്ങൾ പരീക്ഷണങ്ങൾ വഴി കണ്ടെത്തണമെന്ന് നിർദ്ദേശിക്കയുണ്ടായി.

തുടർന്നു സംസാരിച്ച ഗവേഷണകേന്ദ്രത്തിലെ തന്നെ വിളപരിപാലന വിഭാഗം മേധാ

വിയായ ഡോ. വി. ശ്രീകുമാരൻ, പൊതുവെ ഫലഭുയിഷ്ടമായ പൊക്കാളി മണ്ണിന്റെ തനതു ശേഷിയെ പരമാവധി ചൂഷണം ചെയ്യുന്നതിനു വേണ്ട നെല്ലിനങ്ങളെപ്പോലും ഇന്ന് വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്ന നഗ്നസത്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടിയത്. യാതൊരു വിധമായ രാസവളങ്ങളോ ജൈവവളങ്ങളോ നൽകാതെ തന്നെ പൊക്കാളിപ്പാടങ്ങളിൽ 10 ടണ്ണിൽ അധികം ഏതൊരു നെല്ലിനത്തിലും വിളവ് നൽകാനുള്ള കഴിവ് പൊക്കാളി മണ്ണിനുണ്ടെന്ന് ഫലഭുയിഷ്ടിയുടെ ചാർട്ടുകൾ നിരത്തി അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. അത്തരത്തിൽ ഫലഭുയിഷ്ടിയേറിയ മണ്ണിൽ അതിന്റെ പോഷകസമൃദ്ധിയെ എല്ലാ വിധത്തിലും ഉൾക്കൊള്ളാനുള്ള ഒരു പരിപാലനരീതിയെയാണ് വികസിപ്പിച്ചെടുക്കേണ്ടത് എന്ന് അദ്ദേഹം ഗവേഷണ സമൂഹത്തോട് ആവശ്യപ്പെട്ടു. നുരികളുടെ എണ്ണമെങ്കിലും ക്രമപ്പെടുത്തിക്കൊണ്ട് (ചതുരശ്ര മീറ്ററിന് 50 എങ്കിലും) ഇപ്പോൾ തന്നെ മറ്റ് ഉല്പാദനോപാധികളുടെ പ്രയോഗം കൂടാതെ തന്നെ ഒന്നര ഇരട്ടിയിലധികം വിളവ് വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കുന്നതാണ്. വെട്ടിനിരത്തലിനോടൊപ്പം ഒന്നോ രണ്ടോ വനിതാ തൊഴിലാളിയുടെ കൂടി സഹായം മാത്രം മതി ഈ ഉല്പാദന ക്ഷമത കൈവരിക്കാനെന്ന് അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. ഉയരം കുറഞ്ഞ നെല്ലിനങ്ങൾ പ്രചുര പ്രചാരമാവുമ്പോൾ വരി - നുരിക്രമം യഥാവിധി പാലിച്ചാൽ യാതൊരു രാസ/ജൈവവളമില്ലാതെ തന്നെ 6 ടണ്ണോളം വിളവ് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഉല്പാദന ക്ഷമത ലക്ഷ്യമാക്കി, അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങളുടെ പ്രചാരം കൊണ്ടു മാത്രമേ അവശേഷിക്കുന്ന നെല്പ്പാടങ്ങളെ എങ്കിലും സംരക്ഷിക്കാൻ കഴിയൂ എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

രോഗകീടനാശിനികൾക്ക് ഇടമില്ലാത്ത പൊക്കാളിപ്പാടങ്ങളിൽ തണ്ടുതുരപ്പൻ പുഴുവിനെ ട്രൈക്കോകാർഡ് വഴി ജൈവനിയന്ത്രണവിധേയമാക്കാമെന്ന് പ്രസ്താവിച്ച ഡോ. ജിം തോമസ്, പ്രൊഫ & ഹെഡ്, എന്റമോളജി വിഭാഗം, ഹോർട്ടികൾച്ചറൽ കോളേജ്, വെള്ളാനിക്കര തുടർന്ന് അതിന്റെ ഉപയോഗക്രമത്തെപ്പറ്റി വിസ്തരിച്ച് പ്രതിപാദിക്കുകയുണ്ടായി. ഫിറമോൺ കെണികളുടെ സാദ്ധ്യതകളെപ്പറ്റി പരാമർശിച്ച അദ്ദേഹം തരിശിടാതെയുള്ള കൃഷി തീർച്ചയായും കീടാക്രമണങ്ങളെ കുറയ്ക്കുമെന്ന് അഭിപ്രായപ്പെട്ടു. നെല്ലിക്കോഴിയെ പരസ്യമായി കൊന്നൊടുക്കാൻ ഇന്നത്തെ നിയമം അനുവദിക്കുന്നില്ല. മനുഷ്യസാന്നിദ്ധ്യം കുറവായ സ്ഥലത്താണ് ഇവർ കൂടുകൂട്ടുന്നതും മുട്ടയിട്ട്, അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിക്കുന്നതും. ആയതിനാൽ പൊക്കാളിപ്പാടങ്ങൾ കാടുപിടിച്ചു കിടക്കാതെയുള്ള വ്യാപക കൃഷി തന്നെയാണ് ഇവയെ നിയന്ത്രിക്കാനുള്ള ഏക പോംവഴിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആറ്റക്കിളികളുടെ ആക്രമണം തടയാൻ വേപ്പ് അടിസ്ഥാനമാക്കിയുള്ള മിശ്രിതങ്ങൾ തളിച്ചാൽ ഫലപ്രദമാവുമെന്ന് കോൾനിലങ്ങളിലെ പഠനങ്ങൾ വ്യക്തമാക്കുന്നു. വരമ്പിനോടടുത്ത നെൽച്ചെടികൾക്കും വൈദ്യുതകമ്പിയുടെയും വൃക്ഷത്തലപ്പുകളുടെയും പ്രാന്തപ്രദേശങ്ങളിലും മാത്രം മരുന്നു തളിച്ചാൽ മതിയെന്നുമാണ് അദ്ദേഹം നിർദ്ദേശിച്ചത്.

ഡോ. കെ. എസ്. പുരുഷൻ, പ്രൊഫ & ഹെഡ്, ഫിഷറീസ് ഗവേഷണ കേന്ദ്രം, പുതുവൈപ്പിൻ - ആലപ്പുഴ മുതൽ ചേറ്റുവ വരെ നീണ്ടുകിടക്കുന്ന വേമ്പനാട് - കോൾ പ്രദേശത്തിന്റെ ഇരു കരകളിലും സജ്ജമായിരുന്ന 24000 ഹെക്ടർ പ്രദേശത്തെ പാടങ്ങളെയാണ് പൊക്കാളിപ്പാടങ്ങൾ ആയി കണക്കാക്കുന്നത്. തുറന്നുകിടക്കുന്ന പാടങ്ങളിൽ മറവില്ലാതെ ലഭിക്കുന്ന സൂര്യപ്രകാശം ഹരിതാഭമായ ഇലകളിൽ പ്രകാശസംശ്ലേഷണം വഴി അന്നജം, നെൽമണികളിലൂടെ നിർമ്മിക്കപ്പെട്ട് കൊയ്ത് മാറുമ്പോൾ അവശേഷിക്കുന്ന വയ്ക്കോൽ ക്രമാനുഗതമായി ചീഞ്ഞളിഞ്ഞ് അവസാദങ്ങളും ജൈവ സസ്യ -

ജന്തു പ്ലവങ്ങളും പ്റ്ററിഫൈറ്റം ബയോഫിലം എന്നീ അവക്ഷിപ്തങ്ങളും സംജാതമാകു മ്പോൾ പാടങ്ങളിൽ കയറിപ്പറ്റുന്ന പ്രധാന ചെമ്മീൻ ഇനങ്ങളായ നാരൻ, കാര, ചൂടൻ, എന്നിവയും മത്സ്യ ഇനങ്ങളായ തിരുത, കണമ്പ്, കാളാഞ്ചി, കരിമീൻ, തിലോപ്പിയ, പള്ളത്തി - പ്രകൃതിദത്തമായ ഒരു ചങ്ങലയെപ്പോലെ ഒരുങ്ങി വരുന്ന ഭക്ഷ്യ ശൃംഗല. പക്ഷേ മാലിന്യ മുക്തമായ പാടങ്ങളിലെ പ്രാണവായുവിന്റെ കുറവു മൂലം മത്സ്യങ്ങളുടെ കൂട്ടക്കൂരൂതിയും ഒഴിഞ്ഞുപോകലും ഇന്ന് പതിവാണ്. അതിനാൽ തന്നെ പരിസ്ഥിതി യ്ക്കിണങ്ങിയ ഒരു കൃഷിയുടെ ആവശ്യകതയിലേയ്ക്കാണ് തുടർന്ന് അദ്ദേഹം ഊന്നൽ നൽകിയത്. വർഷത്തിൽ 150 ദിവസത്തോളം മത്സ്യ കൃഷിയ്ക്ക് ലഭിക്കുന്ന ഇത്തരം പാട ങ്ങളിൽ വിവിധ തരം വിപണനമൂല്യമുള്ള മത്സ്യങ്ങൾ ആകർഷിച്ച് കയറ്റിയോ നിക്ഷേ പിച്ചോ ജൈവരീതിയിൽ പരിപാലിച്ചോ വളർത്തി വലുതാക്കി ഒരു ജൈവ മത്സ്യ ഉല്പ്പ ന്നമായി വിപണിയിലെത്തിച്ചാൽ വളരെ ഉയർന്ന വില ലഭിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. "കണ്ണുകൊണ്ട് തിന്നുക" എന്നു പറയുന്ന ജപ്പാൻകാരുടെ കൈ രണ്ടും നിറയാൻ ഇത്തരത്തിലുള്ള ചെമ്മീൻ സഹായിക്കുമെന്ന് പ്രത്യാശിച്ചു കൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

പൊക്കാളി നെല്ല് ഗവേഷണ കേന്ദ്രം മേധാവിയായ പ്രൊഫ. സി. ജി രാജേന്ദ്രൻ, പൊക്കാളികൃഷി സുസ്ഥിരമാകണമെങ്കിൽ നെൽകൃഷിയ്ക്കു ശേഷം ചെമ്മീൻ വാറ്റൽ അനിവാര്യമാണെന്ന് തുറന്ന് പ്രതിപാദിക്കുകയുണ്ടായി. പാരമ്പര്യ ചെമ്മീൻ വാറ്റലിനു പകരം ചെമ്മീൻ കൃഷിയും അവയ്ക്കു നൽകുന്ന കൃത്രിമാഹാര അവശിഷ്ടങ്ങളും രാസ പരിണാമത്തിലൂടെ ഗുരുതരമായ മാലിന്യ പ്രശ്നങ്ങളും തുടർന്ന് പരിഹരിക്കപ്പെടാനാ കാത്ത ഇന്നത്തെ വൈറസ് രോഗങ്ങളെയും ക്ഷണിച്ചു വരുത്തുന്നതാണ്. ചെമ്മീൻകൃഷി തന്നെ വർഷം മുഴുവൻ നീണ്ടു നിന്നതിന്റെ ഫലമായി ഉണ്ടായതാണ് ഇപ്പോഴത്തെ ഈ രോഗാക്രമണങ്ങൾ. നെൽകൃഷിയെപ്പോലെതന്നെ വേലിയേറ്റ - വേലിയിറക്ക പ്രതിഭാസ ങ്ങളെ തടഞ്ഞു നിറുത്തിക്കൊണ്ടുള്ള ഒരു ചെമ്മീൻ കൃഷിയും പൊക്കാളി പ്പാടങ്ങളിൽ നിലനിൽക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. പരസ്പരപൂരകമായ നെല്ലും ചെമ്മീനും പാര മ്പര്യമായ രീതിയിൽത്തന്നെ നിലനിറുത്തിക്കൊണ്ട് അതിലെ രണ്ടു ഘടകങ്ങളിലെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന മാർഗ്ഗങ്ങൾ ആരായുന്നതോടൊപ്പം ഉല്പാദനോ പാധികളുടെ സർക്കാർ ഏജൻസി വഴിയുള്ള വിതരണവും സ്ഥിരമായ വിപണനവിലയും നിലനിറുത്താൻ വേണ്ടി സർക്കാരും ഇതര ഏജൻസികളും ആത്മാർത്ഥമായി പ്രവർത്തി ക്കണമെന്ന് പറഞ്ഞ അദ്ദേഹം, ഗവേഷണ കാര്യങ്ങൾ വേണ്ടതിലധികം തുടർന്നു ഭംഗി യായി നിറവേറ്റുമെന്നും അതിന്റെ ഗുണഫലങ്ങൾ യഥാർത്ഥ കർഷകരെ യഥാവിധി അറി യിക്കുമെന്നും സദസ്സിന് ഉറപ്പു നൽകി.

സംഗമത്തിൽ ആശയ സംവാദം നടത്തിയ കർഷകർക്കും കർഷകത്തൊഴിലാളി കൾക്കും വികസന ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ഗവേഷകർക്കും നന്ദി രേഖ പ്പെടുത്തിയ പ്രൊഫ. വി. ശ്രീകുമാരൻ തുടർന്ന് സദസ്യർക്കും സംഘാടന സഹായി കൾക്കും കൃതജ്ഞത പറഞ്ഞു.

അങ്ങനെ 2007 ലെ കേരള കാർഷിക സർവ്വകലാശാലയുടെയും നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റിലയുടെയും ആഭിമുഖ്യത്തിൽ നടത്തിയ പൊക്കാളി കർഷക സംഗമം സമം ഗളമായി പര്യവസാനിച്ചു. ആശയ സംഘട്ടനങ്ങളുടെയും സംഗമത്തിന്റെയും വേദിയായി മാറിയ പ്രസ്തുത കൂട്ടായ്മ ആരോഗ്യകരമായ അഭിപ്രായ ഐക്യത്തിലൂടെ പൊക്കാളി കൃഷിയെ ഏതു വിധേനയും സംരക്ഷിച്ചേ മതിയാകൂ - " അത് കൊച്ചിയുടെ തന്നെ ഒരു ജീവതാളമാണ്" എന്ന നിഗമനത്തിൽ അവസാനിച്ചപ്പോൾ അതുവരെ തിമിർത്തു പെയ്തി രുന്ന മഴയുടെ ആരവവും നേർത്തു തുടങ്ങി.



സദസ്സ്



ശ്രീമതി ജയിൻ ടീച്ചറുടെ (കൗൺസിലർ, കൊച്ചി കോർപ്പറേഷൻ)
ആശംസാപ്രസംഗം



ശ്രീ. എൻ. വിജയൻ
പ്രിൻസിപ്പൽ കൃഷി ആഫീസർ
ആശംസാപ്രസംഗം നടത്തുന്നു



ഡോ. ഡി. ഡി. നമ്പൂതിരി
ഡീൻ, ഫിഷറീസ് കോളേജ്, പനങ്ങാട്
ആശംസാപ്രസംഗം



ഡോ. ജോസഫ് ഫിലിപ്പ്
അസോ. ഡയറക്ടർ
പ്രാദേശിക ഗവേഷണ കേന്ദ്രം, കുമരകം
ആശംസാപ്രസംഗം



ഡോ. ജോബി. വി. പോൾ
രജിസ്ട്രാർ
കേരള കാർഷിക സർവ്വകലാശാല
ആശംസാപ്രസംഗം നടത്തുന്നു



ഡോ. വി. ശ്രീകുമാർ
പ്രൊഫസ്സർ
അഗ്രോണമി വിഭാഗം



ഡോ. സി.ജി. രാജേന്ദ്രൻ
സ്ഥാപന മേധാവി



കർഷക സംവാദം.
ശ്രീ. കെ. കെ. കൃഷ്ണൻകുട്ടി, പ്രസിഡന്റ്,
നെല്ലുല്പാദക സമിതി, നായരമ്പലം



ശ്രീ. കെ. എൽ. സെബാസ്റ്റ്യൻ,
കർഷക സംഘം സെക്രട്ടറി, കോട്ടുവള്ളി



ശ്രീ. എം. ആർ. ഷാജി
നീണ്ടകര, ചെല്ലാനം, പാടശേഖര സമിതി



ശ്രീ. അബ്ദുൾ ഷുക്കൂർ
എടവനക്കാട് പാടശേഖരം





സംവാദത്തിൽ പങ്കെടുക്കുന്ന കർഷകപ്രതിനിധികൾ



ശ്രീ മുഹമ്മദ് ഹാജി
എടവനക്കാട് പാടശേഖരം.



ശ്രീ. എം. പോൾ
ചേതനല്ലൂർ പാടശേഖരം.



ശ്രീ. ഇ. ഡി. ജോസഫ്
സെക്രട്ടറി, കർഷക സംഗമം, കടമക്കുടി



സംഗമത്തിലെ വിശിഷ്ടാതിഥികൾ



ബന്ധനത്തിലായ പൊക്കാളിപ്പാടം
സംഗമത്തിലെ സംസാര വിഷയം




സംവാദം നിയന്ത്രിക്കുന്ന
വിദഗ്ദരുടെ വേദി




സംവാദത്തിൽ പങ്കെടുക്കുന്ന കർഷകൻ



ഡോ. കെ. അനിൽകുമാർ
പ്രൊഫസ്സർ, നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില
സംവാദത്തിൽ പ്രശ്നങ്ങൾ
അവതരിപ്പിക്കുന്നു.



ശ്രീ. കെ. ആർ. വിശ്വംഭരൻ IAS
ബഹു. വൈസ് ചാൻസലർ
സംവാദത്തിന് നേതൃത്വം നൽകുന്നു.

# സംഗമ ശുപാർശകൾ

കേരള കാർഷിക സർവ്വകലാശാലയുടെ വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിന പൊക്കാളി കർഷക സംഗമം ഒക്ടോബർ മാസം 29 - ാം തീയതി തിങ്കളാഴ്ച ഈ കേന്ദ്രത്തിൽ വെച്ച് നടത്തുകയുണ്ടായി. എറണാകുളം ജില്ലയിലെ പ്രധാന പൊക്കാളി പ്രദേശങ്ങളായ വടക്കൻ പറവൂർ, വരാപ്പുഴ, കടമക്കുടി, വൈപ്പിൻ, ചെല്ലാനം, കുമ്പളം, ആലപ്പുഴ ജില്ലയിലെ കുത്തിയതോട്, ചേർത്തല, തുറവൂർ ഭാഗങ്ങളിൽ നിന്ന് എത്തിയ നൂറോളം കർഷക പ്രതിനിധികൾ സംബന്ധിച്ച പ്രസ്തുത സംഗമത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി പ്രൊഫ. ഡി. അലക്സാണ്ടറും തുടർന്ന് ബഹു . സർവ്വകലാശാല വൈസ് ചാൻസലർ ശ്രീ. കെ. ആർ. വിശ്വംഭരൻ IAS ഉം അദ്ധ്യക്ഷത വഹിച്ചു.

അറബിക്കടലിനോട് ചേർന്നു കിടക്കുന്ന ഓരുജല പൊക്കാളി പ്രദേശങ്ങളിൽ നിന്നും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ വരദാനവും ജൈവകൃഷിയുമായ പൊക്കാളിയെ നിലനിർത്താനും സമുദ്ധരിക്കാനും കർഷകരും കർഷകതൊഴിലാളികളും ജനപ്രതിനിധികളും വികസനോദ്യോഗസ്ഥരും ഗവേഷകരും ഒന്നടങ്കം ഒരേ സ്വരത്തിൽ ആവശ്യപ്പെടുകയുണ്ടായി. തുടർന്നു നടത്തിയ ഗൗരവതരമായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പൊക്കാളിയെ ഒരു "ഭൂപ്രദേശ സൂചകമായി" പ്രഖ്യാപിക്കാൻ വേണ്ട തുടർനടപടികൾ എത്രയും വേഗം പൂർത്തിയാക്കി പൊക്കാളി അരിയുടെ മേന്മകളെക്കുറിച്ച് വ്യാപക പ്രചാരണം സ്വദേശത്തും വിദേശത്തും നടത്തുക.
- പൊക്കാളി അരിയ്ക്ക് സമ്പൂർണ്ണ ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.
- പൊക്കാളി മേഖലയിൽ വളർത്തുന്ന മത്സ്യ / ചെമ്മീനുകളെക്കൂടി ജൈവപരിധിക്കുള്ളിൽകൊണ്ടു വരിക.
- വ്യവസായശാലയിൽ നിന്നുള്ള രാസമാലിന്യങ്ങൾ പൊക്കാളിപ്പാടങ്ങളിൽ എത്തിപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- പൊക്കാളി അരിയുടെ ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിനുതകുന്ന ഗവേഷണ പ്രവർത്തനങ്ങൾ തുടങ്ങുക.
- പൊക്കാളിയുടെ ഉമി, തവിട്, വയ്ക്കോൽ എന്നിവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റാനുള്ള ഗവേഷണം ഏറ്റെടുക്കുക.

- ❖ പൊക്കാളി വിഭവങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഭക്ഷ്യ മേള വർഷം തോറും കൊച്ചി മേഖലയിലും മറ്റു മെട്രോ നഗരങ്ങളിലും ഏർപ്പെടുത്തുക.

- ❖ പൊക്കാളി വിത്ത് കർഷകർക്ക് സുലഭമായി ലഭിക്കുന്നതിനു വേണ്ടി കൃഷിവകുപ്പിന്റെ കീഴിൽ ഒരു പൊക്കാളി വിത്തുല്പാദന കേന്ദ്രം (സംസ്ഥാന വിത്ത് ഫാം) ആരംഭിക്കുക. പ്രസ്തുത കേന്ദ്രം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുക്കുന്ന അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുക.

- ❖ പൊക്കാളിപ്പാടങ്ങളിൽ ജലനിയന്ത്രണ സംവിധാനം ഏർപ്പെടുത്തുക. അതിലേയ്ക്കു വേണ്ടി ബണ്ടുകൾ ബലപ്പെടുത്തുക, എഞ്ചിൻതറ സ്ഥാപിക്കുക, പമ്പിംഗിനു വേണ്ടി ''പെട്ടിയും പറയും'' സ്ഥാപിക്കുക, അടിയന്തിരമായി വൈദ്യുതി കണക്ഷനും അനുവദിക്കുക.

- ❖ ജല നിർഗ്ഗമന ചാലുകൾക്ക് ആഴം കൂട്ടുക.

- ❖ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടി ചെലവിന്റെ 50 % എങ്കിലും സബ്സിഡി അനുവദിക്കുക.

- ❖ ഭാഗിക യന്ത്രവൽക്കരണം നടപ്പിലാക്കുക. കൊയ്ത്തുയന്ത്രത്തിന് എത്രയും വേഗം രൂപകൽപ്പന ചെയ്ത് കർഷകർക്ക് ലഭ്യമാക്കുക. കണ്ണി കൂട്ടാനും വരമ്പുകൾ നിർമ്മിക്കാനുമുതകുന്ന ഭാരം കുറഞ്ഞ യന്ത്രങ്ങൾ സജ്ജമാക്കുക. മെതിയന്ത്രങ്ങൾ എല്ലാ പാടശേഖരങ്ങൾക്കും ലഭ്യമാക്കുന്നതോടൊപ്പം സിമന്റിട്ട മെതിക്കളവും ഉണ്ടാക്കുക.

- ❖ ഫാം റോഡുകൾ ഉണ്ടാക്കുക.

- ❖ പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ സേന രൂപീകരിക്കുക.

- ❖ കൊയ്ത്തിന് കർഷകത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന കൊയ്ത്ത് ഇൻസെന്റീവ് പുന:സ്ഥാപിക്കുക.

- ❖ വിള ഇൻഷുറൻസ് പരിരക്ഷ പൊക്കാളി മേഖലയിലും നടപ്പാക്കുക.

- ❖ പാടശേഖരാടിസ്ഥാനത്തിൽ യോജിച്ച മികച്ച വിത്തിനങ്ങൾ കണ്ടെത്തുക.

- ❖ കൂടുതൽ ചെനപ്പുകൾ പൊട്ടുന്നതിനു വേണ്ടി പൊക്കാളിപ്പാടങ്ങളിൽ ഭാഗിക ജല നിയന്ത്രണസംവിധാനം ഏർപ്പെടുത്തുക.

- ❖ വിളക്കുകെണികൾ സ്ഥാപിച്ച് തണ്ടുതുരപ്പന്റെയും മറ്റു കീടങ്ങളുടെയും നിയന്ത്രണത്തിനുള്ള നടപടികൾ കൈകൊള്ളുക.

- ❖ നിയമം വഴി നിയന്ത്രിക്കാനാവാത്ത നെല്ലിക്കോഴി, ആമ എന്നിവയുടെ ഉപദ്രവം കൊണ്ട് നശിക്കുന്ന വിളയ്ക്ക് സർക്കാർ തന്നെ നഷ്ടപരിഹാരം നൽകുക.

- ❖ ഏപ്രിൽ പതിനഞ്ചിനുമുമ്പായി വെള്ളം വറ്റിച്ച് നിലം ഉണക്കുന്ന കർഷകർക്ക് മാത്രമേ സർക്കാരിന്റെ ധനസഹായം നൽകാൻ പാടുള്ളൂ.

- ❖ കൊയ്ത്ത് കഴിഞ്ഞാലുടനെ തന്നെ നെല്ല് സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

- മറ്റു മേഖലകളിൽ നെല്ലിനു നൽകി വരുന്ന താങ്ങുവിലയേക്കാൾ ഉയർന്ന താങ്ങുവില നൽകുക.
- കൃഷി ശാസ്ത്രജ്ഞരുടെ സേവനം കർഷകരുടെ പാടത്ത് ഏത് സമയത്തും എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
- ഗവേഷകരെ പങ്കെടിപ്പിച്ചുകൊണ്ടുള്ള കാർഷിക സെമിനാറുകൾ കൃഷി തുടങ്ങുന്നതിനു മുമ്പായി പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- പൊക്കാളി കർഷക സംഗമം എല്ലാവർഷവും പൊക്കാളിയുടെ വിവിധ പ്രദേശങ്ങളിൽ വെച്ച് നടത്തണം.
- കൊയ്ത്തും മറ്റു കൃഷിപ്പണികളും കർഷകത്തൊഴിലാളികളുടെ മാത്രം ബാദ്ധ്യത എന്ന മനോഭാവം മാറ്റുക. മുഴുവൻ ആളുകൾക്കും ചെയ്യാൻ പറ്റുന്ന പണിയായി അതിനെ മാറ്റിയെടുക്കുക.
- കൃഷിചെയ്യാൻ താല്പര്യമില്ലാത്ത കർഷകരിൽ നിന്നും പഞ്ചായത്ത് നാമമാത്രമായ തുകയ്ക്ക് പാട്ടത്തിന് എടുത്ത് കുടുംബശ്രീ പോലുള്ള ഗ്രൂപ്പുകളെ ഏൽപ്പിക്കുക. ധനസഹായത്തിന് ബാങ്കുമായി ബന്ധപ്പെടുത്തിക്കൊടുക്കുക.
- പൊക്കാളി നിലങ്ങളെ നിയമം മൂലം പരിരക്ഷിക്കുക.
- പൊക്കാളി മേഖലയിൽ ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- പരമ്പരാഗതമായ ചെമ്മീൻ വാറ്റിന് കൂടുതൽ പ്രോത്സാഹനം നൽകുക.
- തുടർച്ചയായുള്ള ചെമ്മീൻ കൃഷി നിയമം വഴി നിയന്ത്രിക്കുക.
- ചെമ്മീൻ രോഗങ്ങളെ യഥാസമയം കണ്ടെത്താൻ അതിവേഗ ക്ലിനിക്കുകൾ സ്ഥാപിക്കുക.
- ചെമ്മീൻ കെട്ടിലെ മത്സ്യ വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭക്ഷ്യമേള സംഘടിപ്പിക്കുക.
- പൊക്കാളി മേഖലയിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- സർവ്വകലാശാലയുടെ ഗവേഷണങ്ങൾ ഊർജ്ജിതപ്പെടുത്തി ഫലങ്ങൾ കൃഷിയിടങ്ങളിൽ വേഗം എത്തിക്കുക.
- പൊക്കാളികൃഷിയ്ക്ക് ഉപയുക്തമായ ജീവാണു വളങ്ങളും ജൈവകീടനാശിനികളും കണ്ടെത്തി അവയുടെ ഉല്പാദനവും പ്രയോഗവും പ്രോത്സാഹിപ്പിക്കുക.
- പൊക്കാളി നില വികസന ഏജൻസിയുടെ പ്രവർത്തനവും സാമ്പത്തികഭദ്രതയും വിപുലമാക്കുക. ■